## എച്ച്.എം.വൈ.എച്ച്.എസ്.എസ് - മഞ്ചേരി

### വിദ്യാലയ വികസനപദ്ധതി 2025–2026

पढ़े चलो, बढ़े चलो
RASHTRIYA MADHYAMIK SHIKSHA ABHIYAN

# അക്കാദമിക മാസ്റ്റർപ്ലാൻ

## ആമുഖം

പൊതുവിദ്യാലയങ്ങളുടെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ പഠിതാവിനും എന്ന മഹിതമായ ലക്ഷ്യസാക്ഷാത്കാരമാണ് സംസ്ഥാന സർക്കാറിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം വിഭാവനം ചെയ്യുന്നത്. സർക്കാറിന്റെയും പൊതുസമൂഹത്തിന്റെയും മറ്റു ഏജൻസികളുടെയും സഹകരണത്തോടെ പ്രസ്തുത ലക്ഷ്യം നേടിയെടുക്കാൻ വേണ്ടി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഹൈടെക് പഠനമുറികളും ഡിജിറ്റൽ ലൈബ്രറികളും നവീകരിക്കപ്പെട്ട ശുചിമുറികളും മികച്ച പാചകപ്പുരകളും പൊതുവിദ്യാലയങ്ങളുടെ വികസനക്കുതിപ്പിന് കരുത്തുപകർന്നുകൊണ്ടിരിക്കുന്നു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം അക്കാദമിക ഗുണനിലവാരവും ഉയരേണ്ടതുണ്ട്. മാറുന്ന കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുഗുണമായി അദ്ധ്യാപകനും അദ്ധ്യാപനവും വളരേണ്ടതുണ്ട്. വിദ്യാർത്ഥികളിൽ അന്തർലീന മായ നൈപുണികൾ കണ്ടെത്തി വികസിപ്പിക്കാനും പരിമിതികൾ മറികടക്കാനും നമുക്ക് കഴിയണം. ഈയൊരു സാഹചര്യത്തിലാണ് അക്കാദമിക് മാസ്റ്റർപ്ലാൻ എന്ന ആശയം പ്രസക്തമാകുന്നത്.

മറ്റുവിദ്യാലയങ്ങളോടൊപ്പം നമ്മുടെ വിദ്യാലയത്തിലും ഈ ദൃശ്യപ്രവർത്തനങ്ങൾ ജാഗ്രതയോടെ നടന്നുകൊണ്ടിരിക്കുകയാണ്. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി സർക്കാറും മാനേജ്മെന്റും പൊതുസമൂഹവും കൈകോർത്ത് മുന്നേറുന്നു. പൂർവ്വവിദ്യാർത്ഥികൾ, സമൂഹത്തിലെ ഉന്നത വ്യക്തിത്വങ്ങൾ, സാമൂഹ്യസ്ഥാപനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തി ഈ രംഗത്തെ പരിമിതികൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടന്നുവ രുന്നു. നമ്മുടെ വിദ്യാലയത്തിൽ 30 ഹൈടെക് ക്ലാസ്സ് മുറികളുണ്ട്. 2 ക്ലാസ് മുറികളിൽ സ്മാർട്ട് ടി.വി സ്ഥാപിച്ചു. ജില്ലയിലെതന്നെ മികച്ച കമ്പ്യൂട്ടർ ലാബുകളിലൊന്നാണ് നമുക്കുള്ളത്. വിദ്യാർത്ഥികളുടെ വായനാതൃഷ്ണയെ ശമിപ്പിക്കാൻ പര്യാപ്തമായ മികവുറ്റ ഒരു ലൈബ്രറി നമുക്കുണ്ട്. പി.ടി.എ നിയമിച്ച ലൈബ്രേറിയന്റെ സഹകരണത്തോടെ എല്ലാദിവസവും അത് തുറന്നുപ്രവർത്തിപ്പിക്കുന്നു.

അക്കാദമിക രംഗത്തും കലാകായിക മേഖലകളിലും വിദ്യാലയത്തിന്റെ സ്ഥാനം അദ്വിതീയമാണ്. സബ്ജില്ലാ കലോത്സവത്തിൽ അനേക വർഷങ്ങളായി ഒന്നാം സ്ഥാനം നിലനിർത്തിവരുന്നു. ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മലപ്പുറം ജില്ലയ്ക്കായി 30 പോയിന്റുകളാണ് നാം സംഭാവന ചെയ്തത്. എൻ.എം.എം.എസ് പരീക്ഷയിൽ 2015 ലും 2016 ലും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുട്ടികളെ വിജയിപ്പിക്കാൻ നമുക്ക് സാധിച്ചു. ശാസ്ത്ര, ഗണിത ശാസ്ത്ര, സമൂഹ്യശാസ്ത്ര, ഐ.ടി. പ്രവൃത്തിപരിചയമേളകളിലും നമ്മുടെ കലാലയത്തിന് സംസ്ഥാനതല ത്തിൽ ഏറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്.

വിജയഭേരി, വിജയസ്പർശം തുടങ്ങിയ സർക്കാർ ആവിഷ്കൃത ക്ലാസ്സുകളും ആസൂത്രണ മികവോടെ നടത്തപ്പെടുന്നു. സ്കൂളിലെ തണൽകൂട്ടിന്റെ നേതൃത്വത്തിൽ 'സഹപാഠിക്കൊരു സ്നേഹഭവനം' പദ്ധതിപ്രകാരം മൂന്ന് സഹപാഠികൾക്കാണ് സ്നേഹഭവനങ്ങൾ ഒരുങ്ങിക്കൊണ്ടി രിക്കുന്നത്. മാത്രവുമല്ല പയ്യനാട് ഒരു വീടിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. വിദ്യാലയത്തിലെ സവിശേഷ ശ്രദ്ധ ആവശ്യമായ വിദ്യാർത്ഥികൾക്കും മിടുക്കരായ വിദ്യാർത്ഥികൾക്കുമായി പ്രഭാത ക്ലാസ്സുകളും സായാഹ്ന ക്ലാസ്സുകളും അവധിദിന ക്ലാസ്സുകളും നടന്നുവരുന്നു. വിവിധ സബ്ജക്ട് കൗൺസിലുകൾ ചർച്ച ചെയ്ത് തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ അംഗീകാരത്തിനും പരിശോധനയ്ക്കുമായി സമർപ്പിക്കുന്നു.

## ചരിത്രം

വൈദേശിക മേധാവിത്തത്തിനെതിരെ പ്രക്ഷോഭ പാതയിലായിരുന്ന മഞ്ചേരി ചരിത്രപ്രാധാന്യമുള്ള ഒട്ടേറെ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. കാർഷിക മേഖലയും തുടർന്ന് സേവന മേഖലയും ജീവിതോപാധിയായി സ്വീകരിച്ച് സാധാരണക്കാരുടെ അധിവാസകേന്ദ്രം. 1792 മുതൽ ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൻ കീഴിലമർന്ന മലബാറിന്റെ ഭാഗമെന്ന നിലയിൽ തികഞ്ഞ അവഗണനയിലുമായി ബ്രിട്ടീഷ് ഭരണത്തിലെ അന്യായ മായ നടപടികൾ കാരണം പൊട്ടിപുറപ്പെട്ട കാർഷിക പോരാട്ടങ്ങളുടേയും 1921 ലെ മലബാർ കലാപത്തിന്റെയും തീഷ്ണമായ തിക്തഫലം ഏറനാടിന്റെ ആസ്ഥാനമായ മഞ്ചേരിയിലും അരക്ഷിത ബോധമുണ്ടാക്കി.

പൊതുസമൂഹത്തിന്റെ നിസഹായമായ ദുരവസ്ഥയിൽ നിന്നും മോചനം നൽകാൻ തദ്ദേശ പ്രമുഖരും വിദ്യാസമ്പന്നരും മത രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലെ നേതാക്കളും പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. 1897 ജൂൺ 3 ന് മഞ്ചേരി മാപ്പിള എൽ.പി. സ്കൂളിൽ (ജി.എം.എൽ. പി.എസ് മഞ്ചേരി ടൗൺ) ചേർന്ന പൗരമുഖ്യരുടെ യോഗം മലബാറിൽതന്നെ പ്രശസ്തമായിതീർന്ന മഞ്ചേരി ഹിദായത്തുൽ മുസ്ലിമീൻ സഭക്ക് രൂപം നൽകിയത് ചരിത്രത്തിലെ പ്രധാന സംഭവമാണ്.

1880 ൽ മിഡിൽ സ്കൂളായി ആരംഭിച്ച കച്ചേരിപ്പടിയിലെ സ്കൂൾ 1920 ൽ ഗവ:ഹൈസ്കൂളാക്കി ഉയർത്തിയ ശേഷം അരനൂറ്റാണ്ടിലധികം കാലം പിന്നിട്ടശേഷമാണ് മറ്റൊരു സെക്കണ്ടറി സ്കൂൾ ആരംഭിക്കുന്നത്. 1975 ൽ ഗവ: ഹൈസ്കൂൾ വിഭജിച്ച് ഗേൾസ് ഹൈസ്കൂൾ ആരംഭിച്ചശേഷവും സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം പര്യാപ്തമായിരുന്നില്ല. വിവിധ കോണുകളിൽ നിന്നുയർന്ന ആവശ്യവും മഞ്ചേരി ഹിദായത്തുൽ മുസ്ലിമീൻ യത്തീംഖാനയുടെ സന്നദ്ധതയുമാണ് യതീംഖാനയുടെ എച്ച്.എം.വൈ. എ.യു.പി സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ അവസരമൊരുക്കിയത്.

1970 ഒക്ടോബർ 24 ന് മഞ്ചേരിയിലെ പൗര പ്രമുഖർ പ്രദേശത്തെ സാമൂഹ്യപ്രവർത്തകരുടെ സഹകരണത്തോടെ ഹിദായത്തുൽ മുസ്ലിമീൻ യതീംഖാന ആരംഭിച്ചു. ഏറനാട്ടിലെ മുസ്ലിം കുടുംബങ്ങളിലെ അശരണരായ ബാലികാ ബാലൻമാർക്ക് സംരക്ഷണം നൽകുകയും വിദ്യാഭ്യാസപര മായി ഉയർത്തിക്കൊണ്ടുവരികയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

അതോടൊപ്പം വിദ്യാഭ്യാസ രംഗത്ത് പാർശ്വവൽക്കരിക്കപ്പെട്ട തദ്ദേശീയരായ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയെന്ന ഉത്തരവാദിത്വം നിറവേറ്റാനും സ്ഥാപനത്തിന് നേതൃത്വം നൽകിയിരുന്നവർ തയ്യാറായി. 1976–77 കാലഘട്ടങ്ങളിൽ മലബാറിലെങ്ങും പ്രൈമറി – അപ്പർ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചപ്പോൾ യതീംഖാനക്കും യു.പി സ്കൂൾ ലഭിച്ചു. മഞ്ചേരി പാണ്ടിക്കാട് റോഡിൽ യതീംഖാന സ്ഥാപിക്കുന്നതിനായി മഹല്ല് നേതൃത്വം വിട്ടുകൊടുത്ത ആറ് ഏക്കർ സ്ഥലത്ത് ഓടിട്ട ഏഴു ക്ലാസ് മുറികളിലായി യു.പി സ്കൂൾ തുടങ്ങി. യതീംഖാന കുട്ടികൾ ഉൾപ്പെടെ പിന്നോക്കക്കാരായ ധാരാളം കുട്ടികൾ അവരുടെ വിദ്യാഭ്യാസത്തിന് യതീംഖാന യു.പി സ്കൂളിനെ ആശ്രയിച്ചു. കുട്ടികളുടെ എണ്ണം കൂടിയതോടെ കൂടുതൽ കെട്ടിടങ്ങൾ സ്ഥാപിച്ചു. എന്നാൽ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടികൾക്ക് ഹൈസ്കൂൾ പഠനത്തിനുള്ള സൗകര്യം മതിയാവാതെ വന്നു. മഞ്ചേരിയിലേയും സമീപ പ്രദേശങ്ങളിലേയും ബഹുജനങ്ങളിൽ നിന്നുയർന്ന വിദ്യാഭ്യാസ ആവശ്യത്തിന് പരിഹാരമായി 1981 ൽ യതീംഖാന യു.പി സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തി. യതീംഖാന ഹൈസ്കൂളിലെ അധ്യ ംയന മികവ് സമീപ പഞ്ചായത്തുകളിൽ നിന്നുമുള്ള നൂറുകണക്കിന് വിദ്യാർത്ഥികളെ ആകർഷിച്ചു. പരേതനായ ഡോ.വി. ഇസ്മയിൽ ആയിരുന്നു സ്ഥാപക മാനേജർ ഇ. മൊയ്തീൻ മാസ്റ്റർ പ്രഥമ ഹെഡ്മാസ്റ്ററും.

## SSLC RESULT SINCE 2020 & NMMS

| | 2021 | 2022 | 2023 | 2024 | 2025 |
|---|---|---|---|---|---|
| Total students appeared | 685 | 668 | 752 | 802 | 804 |
| No of Students Passed | 685 | 668 | 752 | 802 | 803 |
| Percentage of Pass | 100 | 100 | 100 | 100 | 99.88 |
| No of Students who scored full A+ | 245 | 110 | 164 | 188 | 175 |
| National Means-cum-Merit Scholarship (NMMS) scheme awards | 20 | 17 | 28 | 15 | 17 |

# അക്കാദമിക പ്ലാൻ - മലയാളം

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പരീക്ഷ നടത്തി പിന്നാക്കാവസ്ഥ കണ്ടെത്തുന്നു (05/06/2025)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അക്ഷര കാർഡ്<br>4. വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>5. വാക്കുകൾ നിർമ്മിക്കുക<br>6. ചിത്രം - അടിക്കുറിപ്പ്<br>7. കഥപറയൽ<br>8. കഥ എഴുതൽ<br>9. കഥ ബാക്കി എഴുതൽ<br>10. കഥാപുസ്തകം നൽകൽ<br>11. സി.ഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>12. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസം | കാർഡുകൾ<br>പുസ്തകങ്ങൾ<br>സി.ഡി<br>പത്രങ്ങൾ<br>മാസികകൾ | BRC<br>DIET<br>SCERT<br>PTA |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ടം തയ്യാറാക്കൽ<br>2. വായനാമൂല<br>3. ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>4. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>5. സമീപ ഗ്രന്ഥശാല അംഗത്വം<br>6. വായനോത്സവം സംഘടിപ്പിക്കൽ<br>7. പത്ര വായന<br>8. അമ്മ വായന<br>9. പുസ്തക ചർച്ച<br>11. വായനാക്കുറിപ്പ് - പതിപ്പ്<br>12. വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം<br>13. ക്ലാസ്സ്സഭ, ബാലസഭ<br>14. ദിനാചരണങ്ങൾ<br>15. ആകാശവാണി ക്ലബ്ബ്<br>16. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>17. ആനുകാലിക പ്രസിദ്ധീകരണങ്ങളും, വായനയും<br>18. വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ - വായന<br>20. കാവ്യക്കൂട്ടം | 6 മാസം | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | BRC<br>DIET<br>ഗ്രന്ഥശാല<br>PTA<br>SCERT<br>BRC |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ്സ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ് | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | BRC<br>DIET |

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ ചുമർ പത്രിക പതിപ്പ്<br>8. സർഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ്<br>11. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>12. വ്യക്തി/സംഘ രചന<br>13. ഭാഷാഭേദ നിഘണ്ടു തയ്യാറാക്കൽ<br>14. സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | | ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ | SCERT<br>PTA<br>ജനപ്രതിനിധികൾ<br>അധ്യാപകർ |

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനാക്കൂട്ടം, എഴുത്തുകൂട്ടം
- അമ്മ വായന
- ക്ലാസ്സ് ലൈബ്രറി, സ്കൂള ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ്സഭ, സ്കൂൾസഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- സാഹിത്യ സംവാദം സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി, ഐ.സി.ടി സാധ്യത എന്നിവ സജ്ജീകരിക്കൽ

## അക്കാദമിക പ്ലാൻ - അറബിക്

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അക്ഷരങ്ങളുടെ അടയാളങ്ങൾ ഉറപ്പിക്കൽ<br>4. ചിത്രത്തിലൂടെ നാമങ്ങൾ പരിചയപെടുത്തൽ<br>5. ചിത്രങ്ങളിലൂടെ വാക്കുകൾ പരിചയപെടുത്തൽ<br>6. ചിത്രങ്ങളിലൂടെ രംഗങ്ങൾ പരിചയപെടുത്തൽ<br>7. വാക്കുകൾ നിർമ്മിക്കൽ<br>8. വാചകങ്ങൾ നിർമ്മിക്കൽ<br>9. ചിത്രം - അടിക്കുറിപ്പ്<br>10. ചിത്രം - കഥപറയൽ<br>11. വാചകങ്ങൾ ക്രമം തെറ്റിച്ച് ക്രമപെടുത്തി കഥ നിർമ്മിക്കൽ<br>12. അറബിക് കുട്ടികഥകൾ ഉള്ള പുസ്തകങ്ങൾ നൽകൽ<br>13. അറബിക് നാടുകളിൽ ജോലി ചെയ്ത ഭാഷാ നൈപുണന്മാരുമായുള്ള അഭിമുഖം<br>14. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 6 മാസം | ക്ലാസ്സ് ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് | BRC<br>DIET<br>SCERT<br>അറബിക് ഭാഷാ നിപുണന്മാരെ കൊണ്ട് വരൽ |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനാകൂട്ടം രൂപീകരിക്കൽ<br>2. വായനാമൂല<br>3. സ്കൂൾ ലൈബ്രറി (അറബിക് പുസ്തകങ്ങൾ ഉൾപ്പെടുത്തൽ)<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. അറബിക് പത്രങ്ങൾ സംഘടിപ്പിച്ച് വായിക്കൽ<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം പങ്കുവെക്കൽ<br>8. ദിനാചരണങ്ങൾ<br>9. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായന - താരതമ്മ്യം<br>10. ഇ - വായന<br>11. പുസ്തകം ഒരുക്കൽ<br>12. കാവ്യകൂട്ടം | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ | BRC<br>DIET<br>ഭാഷാനിപുണർ |

# അക്കാദമിക പ്ലാൻ - ഉറുദു

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ഉറുദു ആവാസ്) | 1. പ്രീ ടെസ്റ്റ്, എട്ടാം ക്ലാസ് പ്രാരംഭ ദിവസം<br>2. ഉറുദു അക്ഷരമാല പരിശോധി- ക്കൽ<br>3. വായനാകഴിവ്<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്യത്തിൽ പ്രയോഗിക്കുക<br>6. ചെറിയ കഥ എഴുതൽ<br>7. ഭാഷാപരമായ പിന്നോക്കം നിൽ- ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>8. ചിത്രം നോക്കി കഥ പറയൽ<br>9. കഥബാക്കി എഴുതൽ | 2025 ജൂൺ ജൂലൈ | ചെറിയ കഥാ പുസ്തകങ്ങൾ<br>സി.ഡിയിലൂടെ പദ്യങ്ങൾ കേൾപ്പിക്കുക<br>സ്മാർട്ട് ക്ലാസ്റൂം മുഖേനെ കഥ കേൾപ്പിക്കുക | BRC<br>IED<br>DIET<br>PTA<br>SCERT |
| 2. | കുട്ടിയെ മികച്ച വായനക്കാരനാ- ക്കുക. (ഖാരി കോർണർന) | 1. ക്ലാസ് വായനകൂട്ടം രൂപീകരിക്കുക<br>2. വായന കോർണർ, ക്ലാസ് ലൈ- ബ്രറി രൂപീകരണം.<br>3. സ്കൂൾ ലൈബ്രറി നവീകരണ- ത്തിൽ ഉറുദു പുസ്തകങ്ങൾ ലഭ്യമാക്കുക.<br>4. ഉറുദു പത്രവായന<br>5. ദിനാചരണങ്ങൾ<br>6. ഇ - വായന<br>7. കാവ്യകൂട്ടം<br>8. ഗസൽക്ലബ്ബ്<br>9. കഹാനി ക്ലബ്ബ്<br>10. ഉറുദു ആനുകാലിക പ്രസിദ്ധീക- രണങ്ങൾ | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഉറുദു പത്രങ്ങൾ<br>ഉറുദു മാഗസിനു- കൾ<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ സഹാ- യം | ലൈബ്രറി<br>IED ടീച്ചർ<br>ലൈബ്രറി ടീച്ചർ<br>BRC<br>PTA |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാ- ക്കുക (ലിക്നാ ഗൂഹ്) | 1. എഴുത്തുകൂട്ടം<br>2. പുസ്തക ചർച്ച<br>3. ഉറുദു ക്ലാസ് ലൈബ്രറി<br>4. ചാർട്ട് എഴുത്ത്<br>5. സഫർനാമ (യാത്രക്കുറിപ്പ്)<br>6. സർഗ്ഗ സൃഷ്ടികൾ കളക്ട് ചെയ്യുക<br>7. വായനാക്കുറിപ്പ് തയ്യാറാക്കുക<br>8. ഭാഷാ പ്രോജക്ട്<br>9. എഴുത്തുകാരെ പരിചയപ്പെടൽ<br>10. ഇന്റർനെറ്റിൽ നിന്നും പ്രശസ്ത കവികളെ പരിചയപ്പെടുക | 6 മാസം | ലൈബ്രറി<br>ഉറുദു പുസ്തകങ്ങൾ<br>ഇന്റർനെറ്റ്<br>കവികളുടെ ഫോട്ടോകൾ | PTA<br>BRC<br>സ്കൂൾ ലൈബ്രറി<br>ടീച്ചേഴ്സ്<br>ജനപ്രതി- നിധികൾ<br>അന്യഭാഷാ തൊഴിലാളികൾ |

## ലക്ഷ്യങ്ങൾ

- കരിക്കുലം ലക്ഷ്യമാക്കുന്ന ഭാഷാപഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ആർജിക്കുക.
- അടിസ്ഥാന ആശയങ്ങളിലുള്ള പരിമിതികളെ മറികടക്കാൻ പിന്തുണ നൽകുക.
- ഉർദുഭാഷ സംസാരിക്കുവാനും കേട്ട് മനസിലാക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഉർദു ഭാഷ പഠനത്തിൽ ഐ.റ്റിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവും ശേഷിയും നേടുക.
- ക്ലാസിൽ കലകൾ ആസ്വദിക്കുവാനും അവതരിപ്പിക്കുവാനും ശേഷി നേടുക.
- ലോക ഭാഷ എന്ന നിലയിൽ ഉർദു ഭാഷയുടെ പഠനത്തിൽ താത്പര്യം വളർത്തുക.

# അക്കാദമിക പ്ലാൻ - ഹിന്ദി

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. ഹിന്ദി അക്ഷര കാർഡ് നൽകൽ<br>3. വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>4. വാക്കുകൾ നിർമ്മിക്കൽ<br>5. ഹിന്ദി വാക്യങ്ങൾ നിർമ്മിക്കുക<br>6. ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്.<br>7. ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ<br>8. മലയാളം കഥയെ ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തൽ<br>9. സി.ഡി-യിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | 2 മാസം | കാർഡ്<br>സി.ഡി | BRC<br>IED<br>DIET<br>PTA<br>SCERT |
| 2. | പ്രതിഭകളായ കുട്ടികൾക്ക് | 1. വിവിധ ദിനാചരണങ്ങളോടനുബ-ന്ധിച്ച് ചുമർ പത്രിക, പതിപ്പ് എന്നിവ തയ്യാറാക്കൽ<br>2. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>3. പൊതു വേദികളിൽ സംസാരി-ക്കാനുള്ള അവസരം നൽകൽ<br>4. വിദ്യാർത്ഥികൾക്ക് ക്യാമ്പ് കഥാ രചന, കവിതാ രചന, സ്ക്രിപ്റ്റ് റൈറ്റിംഗ്, എഡിറ്റിംഗ്<br>5. ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം അഭിനയ പരിശീലനം<br>6. ഹിന്ദി ഡേക്യുമെന്ററി സിനിമ കാണാനുള്ള അവസരം<br>7. ഹിന്ദി വാർത്തകൾ കേൾക്കാനുള്ള അവസരം<br>8. ഹിന്ദി സാഹിത്യകാരന്മാരെ പരി-ചയപ്പെടൽ<br>9. കവിതകളുടെ ഓഡിയോ കേൾപ്പിക്കൽ<br>10. ഹിന്ദി പ്രദേശങ്ങളിലേക്ക് പഠന യാത്ര | | | |
| 3. | മികച്ച വായനയ്ക്ക് | 1. ക്ലാസ് റൂം വായനക്കൂട്ടം<br>2. വായനാമൂല, ക്ലാസ് ലൈബ്രറി തയ്യാറാക്കൽ<br>3. ഹിന്ദി ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥ ശാലകളിൽ ഹിന്ദി പുസ്തകം, പത്രം എന്നിവ ലഭ്യമാക്കൽ<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. വായനാകുറിപ്പ് തയ്യാറാക്കൽ | 1 വർഷം | പുസ്തകങ്ങൾ<br><br>അന്യഭാഷാ തൊഴിലാളികൾ | BRC<br>SCERT<br>PTA |

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 7. സ്കൂൾസഭ, ബാലസഭ ഹിന്ദിയിൽ നടത്തൽ<br>8. സ്കൂൾ ആനുകാലിക പ്രസിദ്ധീകരണങ്ങളും പത്രവും ലഭ്യമാക്കൽ<br>9. ഇ - വായന | | | |

# അക്കാദമിക പ്ലാൻ - ഇംഗ്ലീഷ്

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരങ്ങൾ ഉറപ്പു വരുത്തുന്നു<br>3. ലെറ്റർ കാർഡുകൾ പരിചയപ്പെടുത്തുന്നു.<br>4. വേഡ് കാർഡുകൾ പരിചയപ്പെടുത്തുന്നു.<br>5. വാക്കുകളുടെ രൂപീകരണം<br>6. വാചകങ്ങളുടെ രൂപീകരണം<br>7. പത്ര വായന<br>8. | ജൂൺ ആദ്യം<br><br>ജൂൺ - ഓഗസ്റ്റ് (3 മാസം) | പുസ്തകങ്ങൾ | BRC<br>PTA |
| 2. | കഥാ കഥനം | 1. ചിത്രം - കാപ്ഷൻ രൂപീകരണം<br>2. കഥകൾ ശ്രവിക്കൽ<br>3. കഥാ കഥനം<br>4. കഥ എഴുതൽ<br>5. കഥ പൂർത്തിയാക്കൽ<br>6. കഥ - സ്ലൈഡ് ഷോ നിർമ്മാണം | | ചിത്ര ചാർട്ടുകൾ<br>സി.ഡി<br>ഇന്റർനെറ്റ് | ഐ.ഇ.ഡി ട്രൈനർ |
| 3. | പൊതുസംഭാഷണങ്ങൾ | 1. ഇംഗ്ലീഷ് ദിനാചരണങ്ങൾ (മാസത്തിലെ എല്ലാ വെള്ളിയാഴ്ച്ചകളിലും) (ഇംഗ്ലീഷിലെ ആശയവിനിമയം)<br>2. ഇംഗ്ലീഷ് എഫ്.എം (ദിവസവും ഉച്ചഭക്ഷണ ഇടവേളയിൽ) (പത്രവായന, പ്രഭാഷണം, കവിതാ പാരായണം മുതലായവ)<br>3. സാമൂഹിക ബോധ വത്കരണ പരിപാടികൾ (സാമൂഹിക പ്രശ്നങ്ങളെ സംബന്ധിച്ചുള്ളവ) (തെരുവുകളിൽ അംഗണവാടികളിൽ, ആശുപത്രികൾ തുടങ്ങിയ പൊതു ഇടങ്ങളിൽ)<br>4. പ്രാധമിക ക്ലാസ്സുകളിൽ ചെറു പരിപാടികൾ സംഘടിപ്പിക്കൽ - നടപ്പിലാക്കൽ<br>5. സംവാദങ്ങൾ സംഘടിപ്പിക്കൽ<br>6. പൊതു അഭിമുഖങ്ങൾ | സെപ് - ഡിസം (ഒഴിവുകാലത്ത്) | സൗണ്ട് സിസ്റ്റം | വാർഡ് മെമ്പർ<br><br>പി.ടി.എ |
| 4. | നാടകവും തിയ്യേറ്റർ അവതരണവും<br><br>തിരക്കഥാ രചന | 1. റോൾ പ്ലെ<br>2. തെരുവു നാടകങ്ങൾ (സാമൂഹിക പ്രശ്നങ്ങളെ കുറിച്ച്)<br>3. ചിത്രകഥ - തിരക്കഥാ രചന<br>4. കഥ - തിരക്കഥാ രചന<br>5. ടെലിഫിലിം പ്രദർശനം (നിശബ്ദ ചിത്രങ്ങൾക്ക് സംഭാഷണം നൽകൽ) | | | നടന വിധഗ്തർ |

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 6. സ്കൂൾ അസംബ്ലിയിൽ നാടകാവതരണം<br>7. നാടക കളരി | സെപ്ത - ഡിസം | | PTA അധികാരികൾ |
| 5. | സിനിമയും ഡോക്യുമെന്ററികളും | 1. ചലചിത്രോത്സവങ്ങൾ<br>2. ടെലിഫിലിം നിർമ്മാണം (പാഠഭാഗങ്ങളെ സംബന്ധിച്ച്, സാമൂഹിക പ്രശ്നങ്ങളെ സംബന്ധിച്ച്)<br>3. ഡോക്യുമെന്ററി നിർമ്മാണം | സെപ് - ഡിസം ഒഴിവുകാലം | സ്മാർട്ട് റൂം<br>ഓഡിയോ വിഷ്വൽ സൗകര്യങ്ങൾ | PTA |
| 6. | വായനയും പഠനവും മെച്ചപ്പെടുത്തുന്നു. | 1. വായനാമൂല<br>2. പുസ്തക നിരൂപണം<br>3. സീരീസ് ടെസ്റ്റുകൾ | ജനു- ഫെബ്രു | ലൈബ്രറി<br>ഭാഷാ ലാബ് | സ്കൂൾ അധികാരികൾ |

## OBJECTIVE

- Enable all students to use English proficiently in terms of listening speaking, reading and writing.
- Develop the language skill through various activities.

## അക്കാദമിക പ്ലാൻ - സോഷ്യൽ സയൻസ്

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്ര മുന്നറിവ് പരിശോധന | 1. ജൂൺ മാസത്തിൽ ആദ്യവാരം എട്ടാം തരത്തിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് മുൻ ക്ലാസ്സുകളിൽ സാമൂഹ്യശാസ്ത്രത്തിൽ ആർജ്ജിക്കേണ്ട ശേഷികൾ കൈവരിച്ചിട്ടുണ്ടെന്ന് പരിശോധിക്കൽ | 06/06/2025 വ്യാഴം (40 മിനുട്ട്) | 8 | കുട്ടികളുടെ സാമൂഹ്യ ശാസ്ത്രത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ |
| | സാമൂഹ്യ ശാസ്ത്ര പിന്നോക്കാവസ്ഥ പരിഹരിക്കൽ | 2 മുൻ ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ആശയങ്ങൾ, ശേഷികൾ എന്നിവ നേടി എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ മാസം അവധി സമയങ്ങളിൽ | | |
| 2. | സാമൂഹ്യ ശാസ്ത്ര പഠനത്തിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ | 1. പ്രാദേശിക ചരിത്ര രചന | ജൂലായ് | 9, 10 | കുട്ടികളിൽ പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ |
| | | 2. യൂണിറ്റ് ടെസ്റ്റ് | ജൂലായ് ആദ്യവാരം | 8, 9, 10 | അറിവ് പരിശോധന |
| 3. | സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | 1. സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട ചലചിത്രങ്ങളുടെയും ഡോക്യുമെന്ററികളുടെയും പ്രദർശനം | ഓഗസ്റ്റ് 15 | 8, 9, 10 | സ്വാതന്ത്ര്യത്തെ കുറിച്ചുള്ള അവബോധം വളർത്തുന്നതിന് |
| 4. | സ്കൂൾ പാരലമെന്റ് രൂപീകരണം | 1. സ്കൂൾ പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പും ചുമതലാ വിഭജനവും | ഓഗസ്റ്റ് 10 | 8, 9, 10 | പാർലമെന്ററി വ്യവസ്ഥ പരിചയപ്പെടൽ |
| 5. | പാദവാർഷിക പരീക്ഷ | 1. ആദ്യഘട്ടത്തിൽ കുട്ടി ആർജ്ജിക്കേണ്ട ആശയങ്ങളോ ശേഷികളും കൈവരിച്ചിട്ടുണ്ടെന്ന് പരിശോധിക്കൽ | 8 ദിവസം | 8, 9, 10 | ആശയങ്ങളും ശേഷികളും ആർജിച്ചിട്ടുണ്ടെന്ന് പരിശോധിക്കൽ. |
| 6. | ഭൂപട നിർമ്മാണം | 1. പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കൽ | സെപ്തം 15 ദിവസം | 8, 10 | ഭൂമിശാസ്ത്ര പരമായ കാര്യങ്ങളിൽ കുട്ടിക്ക് താൽപര്യം ജനിപ്പിക്കൽ |

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|---|
| 7. | സാമൂഹ്യശാസ്ത്ര ഫെസ്റ്റ് | 1. പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കൽ<br>2. ക്വിസ്<br>3. പ്രദർശനങ്ങൾ, ശേഖരണം മോഡൽസ്, പ്രോജക്ട്, മാപ്പ്.<br>4. പ്രസംഗം<br>5. നാടകങ്ങൾ, സ്കിറ്റ്<br>6. സെമിനാർ, പാനൽ ചർച്ച | സെപ്തം ഒക്ടോബർ | 8, 9, 10 | കുട്ടിയിൽ സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കുക. |
| 8. | ഡിജിറ്റൽ ആൽബം തയ്യാറാക്കൽ | 1. വ്യക്തിഗതമായിട്ട് ഡിജിറ്റൽ ആൽബം തയ്യാറാക്കൽ | നവംബർ | 8, 9, 10 | കുട്ടികളിൽ സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ |
| 9. | വിവര ശേഖരണം | 1. സാമൂഹ്യശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കൽ | ഡിസംബർ | 8, 9, 10 | സാമൂഹ്യശാസ്ത്ര വിവര ശേഖരണത്തിൽ പ്രാവീണ്യം നേടൽ |
| 10. | അർദ്ധ വാർഷിക പരീക്ഷ | 1. ആദ്യഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും ആർജിക്കേണ്ട ആശയങ്ങളും ശേഷികളും കുട്ടി കൈവരിച്ചിട്ടുണ്ടെന്ന് പരിശോധിക്കൽ | ഡിസംബർ 8 ദിവസം | 8, 9, 10 | ആശയങ്ങളും ശേഷികളും ആർജിച്ചിട്ടുണ്ടെന്ന് പരിശോധിക്കൽ |
| 11. | പഠനയാത്ര | 1. ചരിത്രപരമായും ഭൂമി ശാസ്ത്ര പരമായും പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര | ജനുവരി 3 ദിവസം | 8, 9, 10 | ചരിത്രബോധം, ഭൂമിശാസ്ത്ര പരമായ പ്രാധാന്യവും കുട്ടിയിൽ ജനിപ്പിക്കൽ. |
| 12. | സർവ്വെ | 1. സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങളിൽ സർവ്വെ നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കൽ | ജനുവരി | 8, 9 | സാമൂഹ്യ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള കഴിവ് നേടൽ |
| 13. | പഠന ക്യാമ്പ് | 1. ടെസ്റ്റ് സീരീസ്<br>2. തീവ്ര പരിശീലനങ്ങൾ | ജനുവരി ഫെബ്രുവരി | 10 | പഠന നിലവാരം ഉയർത്തൽ |

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|---|
| 14. | സെമിനാർ | 1. കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ വിദഗ്ധരായ വ്യക്തികളെ പ്രയോജനപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ഫെബ്രു | 8, 9 | കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കൽ |
| 15. | മോഡൽ പരീക്ഷ | പരീക്ഷ | ഒരാഴ്ച്ച ഫെബ്രു | ഫെബ്രു 10 | പരീക്ഷ പരിചയപ്പെടുത്തൽ |
| 16. | വാർഷിക പരീക്ഷ | പരീക്ഷ | മാർച്ച് | 8, 9, 10 | ആശയങ്ങളും ശേഷികളും ആർജിച്ചിട്ടുണ്ടെന്ന് പരിശോധിക്കൽ |
| 17. | അവധിക്കാല തുടർ പ്രവർത്തനം | 1. പ്രൊജക്ട് തയ്യാറാക്കൽ<br>2. കൊളാഷ് തയ്യാറാക്കൽ<br>3. ആൽബം തയ്യാറാക്കൽ<br>4. തെരഞ്ഞെടുത്ത പുസ്തക വായന | ഏപ്രിൽ മെയ് | 8, 9 | സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ |

# അക്കാദമിക പ്ലാൻ - ഫിസിക്സ്

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ശാസ്ത്രപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അടിസ്ഥാന ആശയം ഉറപ്പിക്കൽ<br>3. നിരീക്ഷണ പാഠവം<br>4. അടിസ്ഥാന അളവുകളും അവയുടെ യൂണിറ്റുകളും ഉറപ്പിക്കൽ<br>5. അളവുകളും യൂണിറ്റുകളും എഴുതിയ കാർഡ് നൽകൽ.<br>6. പരീക്ഷണം ചെയ്യൽ<br>7. പരീക്ഷണം - നിരീക്ഷണം<br>8. പരീക്ഷണം - നിഗമനത്തിലെത്തിച്ചേരൽ<br>9. പരീക്ഷണം - കുറിപ്പെഴുതൽ<br>10. ഉദാഹരണങ്ങളുടെ വർഗ്ഗീകരണം<br>11. ആശയത്തെ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തൽ<br>12. ചിത്രം പകർത്തി വരയ്ക്കൽ<br>13. ചിത്രം മുഴുമിക്കൽ<br>14. ഉദാഹരണങ്ങൾ കണ്ടെത്തൽ<br>15. ആശയങ്ങളെ വർഗീകരിക്കൽ<br>16. ശാസ്ത്ര പുസ്തകങ്ങൾ നൽകൽ<br>17. വീഡിയോ ലെസ്സൺ - പ്രദർശനം<br>18. പരീക്ഷണം വീഡിയോ പ്രദർശനം<br>19. ശാസ്ത്രവുമായുള്ള താത്പര്യം വളർത്തിയെടുക്കൽ | 5 മാസം | ശാസ്ത്ര ഉപകരണങ്ങൾ<br><br>ശാസ്ത്ര ലാബ് | PTA |
| 2. | ശാസ്ത്രാവബോധം വളർത്തിയെടുക്കൽ | 1. ലഘു പരീക്ഷണങ്ങൾ<br>2. ലഘു പരീക്ഷണങ്ങൾ - ചർച്ച<br>3. ശാസ്ത്രജ്ഞരെ പരിചയപ്പെടൽ<br>4. ശാസ്ത്ര മാഗസിനുകൾ<br>5. ശാസ്ത്ര പ്രതിഭകളുമായുള്ള അഭിമുഖം<br>6. ശാസ്ത്ര പ്രതിഭകളുടെ സെമിനാർ<br>7. ശാസ്ത്ര ക്വിസ്<br>8. കൊളാഷ് നിർമ്മാണം<br>9. ശാസ്ത്ര ലൈബ്രറി - രൂപീകരണം<br>10. ശാസ്ത്ര ലൈബ്രറി - നവീകരണം<br>11. ശാസ്ത്ര മേളകൾ സംഘടിപ്പിക്കൽ<br>12. ശാസ്ത്ര പ്രദർശനം<br>13. ശാസ്ത്ര ദിനാചരണങ്ങൾ<br>14. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വർക്കിംഗ് മോഡൽ നിർമ്മാണം | | ശാസ്ത്ര മാഗസിൻ<br><br>സി.ഡി<br><br>ഇന്റർനെറ്റ് | |
| 3. | ശാസ്ത്ര പ്രതിഭകളെ വളർത്തിയെടുക്കൽ | 1. ക്ലാസ് ലാബ് നിർമാണം<br>2. വിവിധ ശാസ്ത്ര ശാഖകൾ പരിചയപ്പെടൽ<br>3. സിങ്കിൾ പ്രൊജക്ട്<br>4. ഗ്രൂപ്പ് പ്രൊജക്ട് | 6 മാസം | ലാബ്<br><br>ശാസ്ത്ര ഉപകരണങ്ങൾ | |

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 5. ശാസ്ത്ര നാടകം - രചന<br>6. ശാസ്ത്ര നാടകം - അവതരണം<br>7. ചിത്രീകരണം - രചന<br>8. ചിത്രീകരണം - അവതരണം<br>9. അറിവുകളെ അപ്ഡേറ്റ് ചെയ്യൽ<br>10. നൂതന ആശയങ്ങളെ പരിചയപ്പെ-ടൽ | | ശാസ്ത്ര മാഗസിൻ | |

## അക്കാദമിക നേട്ടങ്ങൾ

- എല്ലാ കുട്ടികൾക്കും ശാസ്ത്ര പഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ ഒരുക്കുന്നു.
- സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.
- എല്ലാ ക്ലാസിലെയും കുട്ടികൾ പ്രതീക്ഷിത നിലവാരത്തിലുള്ള ശാസ്ത്ര ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നു.
- മികച്ച മാനസിക-വൈകാരിക-ശാരീരിക ആരോഗ്യം ഉറപ്പാക്കുന്നു.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അഭിവാജ്യഘടകമായി മാറ്റുന്നു.
- പഠനത്തെ പരിസര ബന്ധിയും ജീവിത ഗന്ധിയുമാക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സ്കൂൾ ക്യാമ്പസിനെ ജൈവവൈവിധ്യ ഉദ്യാനമായി മാറ്റുന്നു.
- പാരിസ്ഥിതിക അവബോധം, ശാസ്ത്രാവബോധം, മാലിന്യ നിർമാർജ്ജനാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പടെ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ഉപയോഗിക്കുന്നു.

## ലക്ഷ്യങ്ങൾ

1 ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2 ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.

3 ശാസ്ത്രപ്രക്രിയാ ശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4 ഇതിന് ഉതകും വിധം ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് (ഡിജിറ്റർ ലാബ്) സജ്ജമാക്കുക.

5 ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

6 സയൻസ് ക്ലബ്ബ്, സയൻസ് കോർണർ, ശാസ്ത്ര ജേർണലുകൾ പരിചയപ്പെടൽ, ഉപകരണ നിർമ്മാണം, ശാസ്ത്രമാഗസിൻ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, പ്രകൃതി പഠനയാത്രകൾ, പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുക.

7 പ്രാദേശിക പഠനയാത്രകൾ-ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവക്കുള്ള പാഠ്യപദ്ധതിയിലെ സാധ്യതകൾ ലിസ്റ്റ് ചെയ്ത് പ്രാദേശിക സാധ്യതകൾ അന്വേഷിച്ച് കണ്ടെത്തൽ.

8 ഹരിത പരിസരം ഉറപ്പാക്കൽ.
- ജൈവ വൈവിധ്യപാർക്ക് - വൃക്ഷ വൽക്കരണം - ചെറുവനം പദ്ധതി - ശലഭോദ്യാനം - ഔഷധത്തോട്ടം
- ജൈവകൃഷിത്തോട്ടം - മാലിന്യസംസ്കരണം.

9 ദിനാചരണങ്ങൾ
- ഓരോ ക്ലാസ്സിലും ദിനാചരണവുമായി ബന്ധപ്പെടുത്ത അതാത് ക്ലാസ് നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- ടി.എമ്മിൽ ഉൾപ്പെടുത്തി ദിനാചരണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
- ഓരോ ദിനാചരണവും എസ്.ആർ.ജിയിൽ ആസൂത്രണവും അവലോകനവും നടത്തി കൂടുതൽ മെച്ചപ്പെടുത്താനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ.

10 ഐ.സി.ടി വിഭവങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ.

ഈ ലക്ഷ്യങ്ങളെ ഹ്രസ്വകാലപ്രവർത്തനങ്ങൾ, ദീർഘകാല പ്രവർത്തനങ്ങൾ എന്നിങ്ങനെ തരം തിരിക്കാം.

ഉദാഹരണം : **ഹ്രസ്വകാല പ്രവർത്തനങ്ങൾ** - ശാസകോർണർ തയ്യാറാക്കാൽ, ശാസ്ത്ര ജേർണൽ പരിചയപ്പെടൽ, പ്രകൃതി പഠനയാത്രകൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ, ശാസ്ത്ര പ്രദർശനങ്ങൾ, ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തൽ, കൃഷിപ്പതിപ്പ് മുതലായ.

**ദീർശകാല പ്രവർത്തനങ്ങൾ** - ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക്, ശലഭോദ്യാനം, ഡിജിറ്റൽ ലാബ്, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യസംസ്കരണം മുതലായവ.

# അക്കാദമിക പ്ലാൻ - കെമിസ്ട്രി

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ശാസ്ത്രപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അടിസ്ഥാന ആശയം ഉറപ്പിക്കൽ<br>3. പ്രതീകം ഉറപ്പിക്കൽ<br>4. രാസസൂത്രം<br>5. രാസ സമവാക്യം നിർമ്മിക്കൽ<br>6. പ്രതീകം, രാസസൂത്രം എന്നിവ എഴുതിയ കാർഡ് നൽകൽ<br>7. രാസ സമവാക്യം പൂർത്തിയാക്കൽ<br>8. പട്ടിക - വിശകലനം<br>9. പട്ടിക - പൂർത്തിയാക്കൽ<br>10. ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ<br>11. നിരീക്ഷണ പാടവം<br>12. നിഗമനം രൂപീകരിക്കൽ<br>13. ശാസ്ത്ര പുസ്തകങ്ങൾ നൽകൽ<br>14. വീഡിയോ ലെസ്സൺ - പ്രദർശനം<br>15. എക്സിപിരിമെന്റ് - വീഡിയോ പ്രദർശനം | 1 മാസം<br><br><br>5 മാസം | സയൻസ് ലാബ്<br><br><br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br><br>കമ്പ്യൂട്ടർ ഇന്റർനെറ്റ് സി.ഡി | PTA |
| 2. | ശാസ്ത്രാവബോധം വളർത്തുക | 1. ലഘു പരീക്ഷണങ്ങൾ - ചർച്ച<br>2. സയൻസ് ക്വിസ്<br>3. ശാസ്ത്രജ്ഞരെ പരിചയപ്പെടൽ<br>4. ശാസ്ത്ര മാഗസിൻ<br>5. ശാസ്ത്ര പ്രതിഭകളുമായുള്ള സംവാദം<br>6. സയൻസ് പ്രൊജക്ട്<br>7. ഫീൽഡ് ട്രിപ്പ്<br>8. സയൻസ് എക്സിബിഷൻ<br>9. ശാസ്ത്ര ലൈബ്രറി - രൂപീകരണം നവീകരണം<br>10. ശാസ്ത്ര ദിനാചരണങ്ങൾ<br>11. സയൻസ് കോർണർ<br>12. കൊളാഷ് നിർമ്മാണം<br>13. സയൻസ് സെമിനാർ<br>14. മഴവെള്ള സംഭരണി<br>15. മഴവെള്ള ശുദ്ധീകരണം<br>16. മണ്ണ് പരിശോധന | 5 മാസം | സയൻസ് ലാബ്<br><br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br><br>സയൻസ് ലാബ് | |
| 3. | ശാസ്ത്ര പ്രതിഭകളെ വളർത്തിയെടുക്കുക | 1. വിവിധ ശാസ്ത്ര ശാഖകൾ പരിചയപ്പെടുക<br>2. സിങ്കിൾ പ്രൊജക്ട്<br>3. ഗ്രൂപ്പ് പ്രൊജക്ട്<br>4. ശാസ്ത്ര നാടകം - രചന<br>5. ശാസ്ത്ര നാടകം - അവതരണം<br>6. നൂതന ആശയങ്ങളെ പരിചയപ്പെടുത്തൽ<br>7. അറിവുകളെ അപ്ഡേറ്റ് ചെയ്യൽ<br>8. ചിത്രീകരണം - രചന<br>9. ചിത്രീകരണം - അവതരണം | | ശാസ്ത്ര ഉപകരണങ്ങൾ, ലാബ് | |

# അക്കാദമിക പ്ലാൻ - നാച്വറൽ സയൻസ്

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ശാസ്ത്രപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. മുന്നറിവ് പരിശോധിക്കൽ<br>2. അടിസ്ഥാന ആശയങ്ങൾ രൂപീകരിക്കൽ<br>3. ചിത്രങ്ങള്ന പകർത്തി വരയ്ക്കൽ<br>4. ചിത്രം - ഭാഗങ്ങൾ തിരിച്ചറിയൽ<br>5. പരീക്ഷണം - നിരീക്ഷണം<br>6. പരീക്ഷണം - ചെയ്യൽ<br>7. പരീക്ഷണം - നിഗമനം രൂപീകരിക്കൽ<br>8. ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ<br>9. ആശയങ്ങൾ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തൽ<br>10. ശാസ്ത്ര പുസ്തകങ്ങൾ നൽകൽ<br>11. ശാസ്ത്ര വീഡിയോകൾ പ്രദർശനം<br>12. വീഡിയോ ലെസണുകൾ കാണിക്കൽ | 2 മാസം | പരീക്ഷണ ഉപകരണങ്ങൾ<br>ലാബ്<br>കമ്പ്യൂട്ടർ<br>ഇന്റർനെറ്റ് | PTA |
| 2. | ശാസ്ത്രാവബോധം വളർത്തൽ | 1. ലഘു പരീക്ഷണങ്ങൾ<br>2. സയൻസ് ലാബ് ഉപയോഗം<br>3. ശാസ്ത്രജ്ഞരെ പരിചയപ്പെടൽ - വായനയിലൂടെ<br>4. ശാസ്ത്ര മാസിക നിർമ്മാണം<br>5. ശാസ്ത്ര പ്രതിഭകളുമായി അഭിമുഖം - സംവാദം<br>6. ഹെർബേറിയം നിർമ്മാണം<br>7. ശാസ്ത്ര എക്സിബിഷൻ സംഘടിപ്പിക്കുക<br>8. സയൻസ് ദിനാചരണം<br>9. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക<br>10. സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ<br>11. സയൻസ് ക്വിസ് സംഘടിപ്പിക്കുക<br>12. ശാസ്ത്ര ലൈബ്രറി രൂപീകരണം - നവീകരണം | 5 മാസം | പരീക്ഷണ ഉപകരണങ്ങൾ<br>വിവിധ സസ്യങ്ങൾ<br>ശാസ്ത്ര പുസ്തകങ്ങൾ | PTA |
| 3. | ശാസ്ത്ര പ്രതിഭകളെ വളർത്തിയെടുക്കൽ | 1. വിവിധ ശാസ്ത്ര ശാഖകൾ പരിചയപ്പെടുത്തൽ<br>2. ക്ലാസ് ലാബ് നിർമിക്കൽ<br>3. പ്രൊജക്റ്റ് ചെയ്യൽ<br>4. പുതിയ ആശയങ്ങൾ ശേഖരിക്കൽ - അപ്ഡേറ്റ് ചെയ്യൽ, അവതരിപ്പിക്കൽ<br>5. ശാസ്ത്ര നാടകം - രചന, അവതരണം<br>6. ഔഷധോദ്യാനം നിർമ്മിക്കൽ<br>7. സെമിനാർ അവകരണം<br>8. ശാസ്ത്ര സർവേ ചെയ്യൽ<br>9. സ്കൂളിലെ മരങ്ങൾക്ക് ശാസ്ത്രീയ നാമകരണം ചെയ്യൽ | 6 മാസം | പുസ്തകങ്ങൾ<br>ശാസ്ത്ര ഉപകരണങ്ങൾ<br>പത്രങ്ങൾ<br>മാസികകൾ | |

# അക്കാദമിക പ്ലാൻ - ഗണിതശാസ്ത്രം

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യാനുള്ള പ്രയാസം പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ് നടത്തുക (06/06/2025)<br>2. സംഖ്യകളും സംഖ്യാ സ്ഥാനങ്ങളും ഉറപ്പിക്കൽ<br>3. +, –, x, / തുടങ്ങിയ ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള ക്രിയകൾ പരിചയപ്പെടുത്തൽ<br>4. കാർഡുകൾ ഉപയോഗിച്ചുള്ള ഗണിതകളികൾ<br>5. ഗുണന പട്ടിക ഉറപ്പിക്കൽ<br>6. ഹരണം ലളിതമാക്കുന്നതിന് മുത്തുകൾ ഉപയോഗിച്ച് വീതം വെച്ച് കളിയ്ക്കൽ<br>7. സി.ഡി-കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>8. ഐ.ഇ.ഡി വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സ്<br>9. പ്രൈമറി ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾ നടത്തുക.<br>10. ചതുഷ്ക്രിയയിലൂടെ ചാർട്ടുകൾ പ്രദർശിപ്പിക്കുക | 3 മാസം<br>ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | കാർഡുകൾ<br>സി.ഡി<br>മുത്തുകൾ<br>പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ<br>ചാർട്ടുകൾ | PTA<br>DIET<br>BRC<br>SCERT<br>ഐ.ഇ.ഡി ടീച്ചർ |
| 2. | ഗണിത വിഷയത്തിലുള്ള താൽപര്യ കുറവ് പരിഹരിക്കൽ | 1. ഗണിതം ലളിതമാക്കാനുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കുക | ഓരോ മാസവും 2 ദിവസങ്ങൾ | പ്ലാൻ ചാർട്ട്, കാർഡ് ബോർഡ്, കത്രിക, പശ, ജ്യാമിതീയ രൂപങ്ങൾ, വിവിധ കട്ടകൾ, പിക്ചർ ചാർട്ട്, ഇൻസ്ട്രുമെന്റൽ ബോക്സ് | DIET<br>BRC<br>PTA |
| 3. | ഗണിത രൂപങ്ങൾ തിരിച്ചറിയാനുള്ള ശേഷി കൈവരിക്കൽ | 1. ഫീൽഡ് സന്ദർശനം<br>2. പ്ലേ ഗ്രൗണ്ട്<br>3. പ്ലാന്റേഷൻ<br>4. വിവിധ പാർക്കുകൾ<br>5. ആരാധനാലയങ്ങൾ | 2 മാസം<br>ജൂൺ<br>ജൂലൈ | അവളെടുക്കുവാനുള്ള ഉപകരണങ്ങൾ | DIET<br>PTA<br>ജില്ലാ പഞ്ചായത്ത് |
| 4. | ആവശ്യബോധം സൃഷ്ടിക്കൽ | 1. വീടിന്റെ ചുറ്റളവ് കണ്ടെത്തി വരുന്ന പ്രവർത്തനം<br>2. സ്ഥലം ഭാഗം വെയ്ക്കുന്ന പ്രവർത്തനം<br>3. കടകളിൽ അധ്യാപകരോടൊപ്പം പോയി സാധനങ്ങൾ വാങ്ങിച്ച് പണ വിനിമയം നടത്തുക<br>4. സാധനങ്ങളുടെ തൂക്കം കണ്ടെത്തുന്ന പ്രവർത്തനം | 3 മാസം<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്തം | വിദ്യാർത്ഥിയുടെ വീട്<br>കട<br>മരത്തടി<br>ടേപ്പ് | PTA<br>കടക്കാരൻ |

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 5. മരത്തടികളുടെയും ദ്രാവകങ്ങളുടെയും വ്യാപ്തം കണ്ടെത്തുന്ന പ്രവർത്തനം | | വൈറ്റ് മിഷീൻ | |
| 5. | ഗണിത ലാബ് നിർമ്മാണം | 1. ലാബിനുള്ള റൂം ഒരുക്കൽ<br>2. സാമഗ്രികൾ വാങ്ങിയ്ക്കൽ, അവയുടെ നിർമ്മാണം | 2 മാസം ഓഗസ്റ്റ് സെപ്തം | പ്രവർത്തനങ്ങളുടെ നടത്തിപ്പ്<br>ചാർട്ട് പേപ്പർ<br>കാർഡ് ബോർഡ്<br>ഘന രൂപങ്ങൾ<br>ഇൻസ്ട്രുമെന്റ് ബോക്സ്<br>ക്ലൈനോമീറ്റർ<br>ജിയോബോർഡ്<br>കത്രിക, പശ etc | ജില്ലാ പഞ്ചായത്ത്<br>PTA<br>BRC<br>SCERT |
| 6. | ഗണിത ലൈബ്രറി | 1. റൂം ഒരുക്കൽ<br>2. പുസ്തകങ്ങൾ വാങ്ങിയ്ക്കൽ | 2 മാസം ഓഗസ്റ്റ് സെപ്തം | പുസ്തകങ്ങൾ | PTA<br>BRC |
| 7. | ഗണിതത്തിൽ ശരാശരി നിലവാരത്തിലുള്ള വിദ്യാർത്ഥികളെ എ-ഗ്രേഡ് നിലവാരത്തിലേക്ക് എത്തിയ്ക്കുന്നതിന് | 1. കുട്ടികളുടെ മുൻ പരീക്ഷകളുടെ മാർക്കുകൾ കണ്ടെത്തി അതിനനുസരിച്ച് വർക്ക് ഷീറ്റുകൾ ചെയ്യിപ്പിക്കുക<br>2. പ്രത്യേക പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുക<br>3. ചതുർഭുജങ്ങൾ, ത്രികോണങ്ങൾ ഇവയുടെ പ്രത്യേകതകൾ ഉറപ്പിക്കുന്നതിനായ് ചാർട്ടുകൾ തയ്യാറാക്കുക<br>4. ജിയോബ്രാ പ്രവർത്തനങ്ങൾ<br>5. ഗണിത വിദഗ്തരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ<br>6. പിയർ ടീച്ചീംഗ്<br>7. ഗൃഹ സന്ദർശനം<br>8. രക്ഷിതാക്കളുടെ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ | | | |
| 8. | ഗണിതത്തിൽ കൂടുതൽ വിദ്യാർത്ഥികളെ എ+ ലഭിയ്ക്കാൻ പ്രാപ്തരാക്കുക | 1. കുട്ടികളെ കണ്ടെത്തുന്നു<br>2. മുൻ വർഷങ്ങളിലെ ചോദ്യപേപ്പർ ചെയ്യൽ<br>3. കാഠിന്യമുള്ള ചോദ്യങ്ങൾ കണ്ടെത്തി പരിശീലിപ്പിക്കുക<br>4. വിദഗ്തരുടെ ക്ലാസ്സ് നൽകൽ<br>5. പ്രോജക്ട്, അസൈൻമെന്റ്, പ്രാക്ടിക്കൽ വർക്ക് ഇവ നൽകുക<br>6. കൊച്ചി ബിനാലെ സന്ദർശനം<br>7. ജ്യോബ്രാ ഉപയോഗിച്ചുള്ള പ്രവർത്തനം | 3 മാസം ഒക്ടോബർ നവംബർ ഡിസംബർ | ചാർട്ട്<br>A4 ഷീറ്റ്<br>കമ്പ്യൂട്ടർ | PTA<br>ജില്ലാ പഞ്ചായത്ത്<br>DIET<br>BRC |
| 9. | ഐ.ടി.സി സാധ്യത പ്രയോജനപ്പെടുത്തൽ | 1. സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം | 3 മാസം | ക്ലാസ് റൂം<br>പ്രോജക്ടർ | SCERT<br>BRC |

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 2. പ്രോജക്ടർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ഒരുക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | കമ്പ്യൂട്ടർ<br>അനുബന്ധ ഉപക-രണങ്ങൾ | PTA<br>പൂർവ്വ വിദ്യാ-ർത്ഥികൾ<br>സന്നദ്ധ<br>സംഘടനകൾ |
| 10. | ക്ലബ്ബ് പ്രവർത്തന-ങ്ങൾ, ദിനാചരണ-ങ്ങൾ നടത്തൽ | 1. ഗണിത ശാസ്ത്രോത്സവങ്ങളിലേ-ക്കുള്ള മത്സര ഇനങ്ങളിൽ പ്രാക്ടീ-സ് നടത്തൽ, മാഗസിൻ നിർമ്മാണം, ക്വിസ്, പ്രാക്ടിക്കൽ വർക്ക്, പസിൽസ്, ഗെയിംസ് എന്നിവ പരിചയപ്പെടുത്തൽ<br>2. ഗണിത ശാസ്ത്രജ്ഞരുടെ ജന്മദിനം ആചരിക്കൽ | 2 മാസം<br>സെപ്തം<br>ഒക്ടോ | ചാർട്ട്, കാർഡ്ബോ-ർഡ്, തെർമോകോൾ പശ, മറ്റ് വസ്തു-ക്കൾ | PTA |
| 11. | ഫൈനൽ പരീക്ഷ-കൾ പരിചയപ്പെടു-ത്തൽ | 1. മോഡൽ എക്സാം നടത്തുക<br>2. ഇവാല്യേഷൻ നടത്തി പോരായ്-മകൾ പരിഹരിച്ച് സ്റ്റഡി ക്ലാസു-കൾ നടത്തുക | 2 മാസം<br>ഡിസം<br>ജനുവരി | ചോദ്യ പേപ്പറുകൾ | ജില്ലാ പഞ്ചാ-യത്ത്<br>PTA |

# അക്കാദമിക പ്ലാൻ - കായിക വിദ്യാഭ്യാസം

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | കളികൾ പരിചയപ്പെടുത്തൽ ഫുഡ്ബോൾ, ക്രിക്കറ്റ്, ഷട്ടിൽ, റിംങ് ടെന്നീസ് മറ്റു നാടൻ കളികൾ ഇതിൽ നിന്നും വിവിധ കളി ഇനങ്ങളിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നു | 1. സ്കില്ലുകൾ ചെയ്യിപ്പിക്കുക<br>2. ക്രിക്കറ്റ് പരിശീലനം<br>3. വ്യായാമം ചെയ്യിപ്പിക്കുക<br>4. നല്ല ഭക്ഷണശീലങ്ങളെ കുറിച്ച് പറഞ്ഞ് കൊടുക്കുക<br>5. ആക്ടിവിറ്റി ബുക്കിലെ കാര്യങ്ങൾ വിശദീകരിച്ച് പറഞ്ഞ് കൊടുക്കൽ അതിലെ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുക.<br>6. നല്ല കളിക്കാരെ കുറിച്ച് പറഞ്ഞ് കൊടുക്കൽ, അവരുടെ വിവിര ശേഖരണം,<br>7. സ്പോർട്സിന്റെ പ്രാധാന്യം<br>8. കളികൾ നിത്യ ജീവിതത്തിൽ | 6 മാസം | സ്പോർട്സ് ലൈബ്രറി<br><br>സി.ഡി<br><br>വിധക്തരുടെ ക്ലാസ്സുകൾ<br><br>ഡോക്യേഴ്സ് ക്ലാസ് | PTA<br><br>ക്ലബ്ബുകൾ |
| 2. | സ്പോർട്സ് ക്ലബ്ബ് രൂപീകരണം അത്‌ലറ്റിക്സിൽ പരിശീലനം, വാർഷിക കായിക മേള നടത്തുന്നു. ഇതിൽ നിന്നും മികച്ച പ്രകടനം നടത്തിയവരെ സബ്ജില്ലാ തലത്തിലേക്ക് കൊണ്ട് പോകുന്നു. ഇവർക്ക് രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനം, എല്ലാ ഗെയിമുകളിലും പ്രത്യേക കോച്ചിങ്ങ് നടത്തുന്നു. ഇതോടൊപ്പം ആക്ടിവിറ്റി ബുക്കിലെ വർക്കുകൾ ചെയ്യിപ്പിക്കുന്നു സ്പോർട്സ് ക്വിസ് സ്പോർട്സ് മാഗസിൻ എന്നിവ സംഘടിപ്പിക്കുന്നു. | 1. കുട്ടികളെ തെരഞ്ഞെടുക്കൽ<br>2. വ്യായാമം<br>3. എല്ലാ ജംപിംങ് ഇനങ്ങളും ത്രോ ഇനങ്ങളും ട്രാക്ക് ഇനങ്ങളും ചെയ്യിപ്പിക്കുന്നു<br>4. സബ്ജില്ലാ വിജയികളെ ജില്ലാതലത്തിൽ പങ്കെടുപ്പിക്കുന്നു. ജില്ലയിലെ വിജയികളെ സംസ്ഥാന തലത്തിലും പങ്കെടുപ്പിക്കുന്നു. ഇതിനു പുറമെ കേരളോത്സവം, പൈക്ക, അസോസിയേഷനുകൾ നടത്തുന്ന വിവിധ മത്സരങ്ങൾ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു<br>5. ദൃശ്യ മാധ്യമങ്ങളിലൂടെ വിവിധ കളികൾ നിരീക്ഷിക്കുന്നു.<br>6. ഹെൽത്ത് എജ്യുക്കേഷന്റെ പ്രധാന്യം പറഞ്ഞ് മനസ്സിലാക്കുന്നു. | 6 മാസം | | അദ്ധ്യാപകർ<br><br>രക്ഷാകർതൃ പിന്തുണ |

# അക്കാദമിക പ്ലാൻ - ചിത്രകല

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ചിത്രകലയെ പരിചയപ്പെടുക | 1. അക്ഷരങ്ങൾ, ജാമിതീയ രൂപങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് ചിത്രം വരയ്ക്കുക<br>2. ചിത്ര കലയെ ലളിതമാക്കിയുള്ള കളികൾ<br>3. നിരീക്ഷണം - പ്രസിദ്ധീകരണങ്ങൾ<br>4. പരിചയപ്പെടൽ - ചിത്രകാരന്മാർ വിവിധ ചിത്രങ്ങൾ<br>5. പരിപോശണം - ചിത്രകല<br>6. ക്ലബ്ബ് രൂപീകരണം<br>7. പ്രകൃതി നിരീക്ഷണം<br>8. നിരീക്ഷണം - ചിത്രരചന | 4 മാസം | പ്രസിദ്ധീകരണ-ങ്ങൾ<br>ആർട്ട് ഗ്യാലറി സന്ദർശനം | PTA<br>DIET<br>PTA |
| 2. | പ്രത്യേക പരിഗ-ണന നൽകൽ | 1. ചിത്ര പ്രദർശനം<br>2. പ്രശസ്തരായ ആളുകളുടെ ക്ലാസ്<br>3. ചിത്രകാരന്മാർ, അവരുടെ ചിത്ര-ങ്ങൾ തുടങ്ങിയവയെ നിരീക്ഷി-ക്കുക.<br>4. ചിത്രകലയുമായി ബന്ധപ്പെട്ട മേഖലകളെ അറിയുക<br>5. ചിത്രകലയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുക | 4 മാസം | പുസ്തകങ്ങൾ<br>നിരീക്ഷണം<br>ആർട്ട് ഗ്യാലറി സന്ദർശനം | രക്ഷിതാക്കൾ<br>PTA |
| 3. | വരയ്ക്കാനുള്ള പരിശീലനം | 1. നിറങ്ങളെ പരിചയപ്പെടൽ<br>2. പരിശീലനം - അനാട്ടമി<br>3. വിവിധ ശൈലികൾ - നിരീക്ഷണം, പരിശീലനം<br>4. ചിത്ര കലാ ചരിത്രം<br>5. ചിത്രകലാ ക്യാമ്പ്<br>6. ചിത്രകലയുമായി ബന്ധപ്പെട്ട സിനിമാ പ്രദർശനം, ഡോക്യുമെ-ന്ററികൾ | 4 മാസം | നിരീക്ഷണം<br>പുസ്തകങ്ങൾ<br>സി.ഡി<br>ഇന്റർനെറ്റ് | രക്ഷിതാക്കൾ<br>PTA<br>അദ്ധ്യാപകർ |

## ആമുഖം

മിക്കവാറും എല്ലാ ചിന്തകരും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായത്തിൽ കലകളുടെ സ്ഥാനം നിർണ്ണയിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ കലാ വിദ്യാഭ്യാസം നൽകുമ്പോൾ 'കലാകാരൻ' എന്ന പ്രൊഫഷണലിനെ സൃഷ്ടിക്കാനാണ് എന്ന ചിന്ത അസ്ഥാനത്താണ്. ഒരു പക്ഷെ അങ്ങിനെ സംഭവിക്കാം.

ഒരു സമ്പൂർണ്ണ വ്യക്തിത്വ സൃഷ്ടിയാണ് വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ 'മാനവികതക്ക് ' അതിൽ വലിയ പ്രാധാന്യമുണ്ട്. സാഹിത്യം, സംഗീതം, നൃത്തം, അഭിനയം, ചിത്രശില്പ കലകൾ, കരകൗശലങ്ങൾ എന്നിവ വ്യക്തിയുടെയും സമൂഹത്തിന്റെയും സംസ്കാരം ഉയർത്തും .

മനുഷ്യന്റെ ബുദ്ധിക്ക് ഏറ്റവും കുറഞ്ഞത് രണ്ട് തലമുണ്ട്. 1. ഭൗതികം. 2. വൈകാരികം. ഇത് രണ്ടും യോജിക്കുമ്പോഴാണ് ഒരു വ്യക്തി യുടെ/സമൂഹത്തിന്റെ ഭൗതികവും സാമൂഹികവുമായ ഉന്നമനം സാധ്യമാകുന്നത്. ഭൗതികം മാത്രമായതോ വൈകാരികം മാത്രമായതോ ആയ വളർച്ച മിക്കവാറും ഉന്മാദത്തിലേക്കോ ക്രിമിനൽ സ്വഭാവത്തിലേക്കോ മനുഷ്യനെ നയിക്കും.

ചിത്ര ശില്പങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളിലൊന്ന് ഡിസൈൻ' ആണ്. ഒരു കാര്യത്തെകുറിച്ച് നേരത്തെ കൂട്ടി മനസ്സിൽ കണ്ട് അതി ലേക്ക് എത്തിചേരാനുള്ള മാർഗ്ഗ മന്വേഷിക്കുന്ന ക്രിയയാണ് ഡിസൈൻ.

ഡിസൈൻ ചെയ്യുക എന്നത് ശാസ്ത്രീയമായ ഒരു സംഗതിയാണ്. അത് ഭാവനയിൽ കാണുന്നതാണ് പ്രധാനം. ആർടിസ്റ്റുകൾക്ക് അത് സാധ്യമാവുന്നു. എത്ര ശാസ്ത്രീയമായ വിശകലനവും നിർമ്മാണവും ആദ്യം മനസ്സിൽ കാണുന്നു. ചൊവ്വയിലേക്ക് റോക്കറ്റ് അയക്കണമെങ്കിലും ഒരു കേസ് കോടതിയിൽ ജയിക്കണമെങ്കിലും ഒരു ഫാക്ടറി നിർമ്മിക്കണമെങ്കിലും ഒരു സർജ്ജറി നടത്തണമെങ്കിലും ഒരു ക്ലാസ്സ് നടത്തണമെങ്കിലും ഒരു ഡിസൈൻ മുൻകൂട്ടി ഉണ്ടായേ പറ്റൂ. ഓരോ വിഷയത്തിനും ചേർന്നതായിരിക്കണമെന്ന് മാത്രം.

കാണുന്നതും അതിനപ്പുറവും എന്നതാണ് മനുഷ്യ ചിന്തയിലെ രണ്ട് ഘടകങ്ങൾ. കാണുന്നതിനപ്പുറം മനസ്സിൽ കാണാനുള്ള കഴിവ് ചിത്ര/ശില്പ/ വാസ്തു കലകൾക്കുണ്ട്. രൂപപ്പെടുത്തുക എന്ന ഭാഷാ പ്രയോഗം ദൃശ്യകലയിൽ നിന്നെടുത്തതാണ്. ആശയത്തെ രൂപപ്പെടുത്തിയെടുക്കുക (Shaping concept) എന്നതാണ് ഏത് വിഷയത്തിലും നാം ചെയ്യുന്നത്.

### എച്ച്. എം. വൈ. എച്ച്. എസ്. എസ്

10 -ാം ക്ലാസ്സ് 15 ഡിവിഷൻ, 9-ാം ക്ലാസ്സ് 16 ഡിവിഷൻ, 8-ാം ക്ലാസ്സ് 17 ഡിവിഷൻ

ഓരോ ഡിവിഷനിലും ഏകദേശം പഠിക്കുന്ന കുട്ടികളുടെ എണ്ണം: 50.

KER പ്രകാരമുള്ള ആർട് പിരീഡ് അലോട്ട്മെന്റ്

| | 8th | 9th | 10th | 5th | 6th | 7th |
|---|---|---|---|---|---|---|
| ചിത്രം/സംഗീതം/നൃത്തം/അഭിയനം | 2 | 2 | 1 | 2 | 2 | 2 |
| W.E | 2 | 2 | 1 | 3 | 3 | 3 |
| ആരോഗ്യം/ കായികം | 2 | 1 | 1 | 2 | 2 | 2 |

നിലവിലുള്ള ചിത്രകലാ അധ്യാപകന് ആഴ്ചയിൽ എച്ച്.എസ്സിൽ ലഭ്യമാവുന്ന പിരീഡുകൾ 26 Nos

ആർട്ട്/ക്രാഫ്റ്റ് ആരോഗ്യകായികം വിഷയങ്ങൾക്ക് 5-ാം തരം മുതൽ 9 -ാം തരം വരെ ഒരു പിരീഡ് മാത്രം ലഭിക്കുന്നു. 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് ഈ വിഷയങ്ങൾ ലഭിക്കാനുള്ള സാഹചര്യം നിലവിലില്ല.

### ധാരണ

- മറ്റ് വിഷയങ്ങൾ അനായാസം പഠിക്കുന്നതിന് കലാ പഠനം അവരെ പ്രാപ്തരാക്കുന്നു.
- ഏത് പരിതസ്ഥിതിയോടും വൈകാരികമായി ഇടപെടാൻ കലകളിലൂടെ സാധിക്കുന്നത് കൊണ്ട് ജീവിതത്തെക്കുറിച്ചുള്ള സമഗ്രമായ കാഴ്ച്ചപ്പാട് അവരിൽ രൂപപ്പെടുന്നു.
- കുട്ടികളിലെ ജന്മവാസന എങ്ങിനെ ഇരിക്കുന്നുവോ അതിനെ വളർത്തിയെടുത്താൽ അവരിൽ പൂർണ്ണ മനുഷ്യരെ ഉണ്ടാക്കി തീർക്കാൻ സാധിക്കും
- കലാപഠനം സംസ്കാരത്തിന്റെ ശരിയായ പഠനം കൂടിയാവുന്നു. അതിൽ സ്വീകാര്യമേത് അസ്വീകാര്യമേത് എന്ന തിരിച്ചറിയാൻ കുട്ടിയെ/വ്യക്തിയെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- ലോകത്തിന്റെ ഏത് ഭാഗത്തുള്ളവർക്കും ആശയ വിനിമയം നടത്താൻ കഴിയുന്ന സാർവ ലൗകിക ഭാഷയാണ് കല എന്ന തിരിച്ചറിവ് ഓരോ കുട്ടികളിലും ഉണ്ടാവേണ്ടതുണ്ട്.
- ഓരോ കുട്ടികളും ഓരോ വ്യക്തികളാണെന്ന തിരിച്ചറിവ് നൽകൽ. കലകളിലൂടെ വ്യക്തി അവനവനെത്തന്നെ തിരിച്ചറിയുകയും ലോകത്തിൽ തനിക്കുള്ള സ്ഥാനം മനസ്സിലാക്കുകയും ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുകയും ചെയ്യാൻ പ്രാപ്തരാക്കുക.
- ആത്മ സാക്ഷാത്കാരത്തിന് വേദിയൊരുക്കുക.
- കേവലമായ സുഖാന്വേഷണ താൽപര്യത്തിൽ നിന്ന് തനിക്ക് ചുറ്റുമുള്ള സൗന്ദര്യത്തിന്റെ ലോകത്തിലേക്ക് കുട്ടികളെ നയിക്കുന്നത്.
- മറ്റെല്ലാ വിഷയങ്ങളും പോലെ ദൃശ്യഭാഷ (Visual Language) ഓരോ ദിവസവും വളരുകയും പരിണാമത്തിന് വിധേയമാവുകയും ചെയ്യുന്നു. മാറ്റങ്ങൾ കുട്ടികൾക്കും മറ്റധ്യാപകർക്കും പകർന്ന് കൊടുക്കേണ്ട പഠന പ്രവർത്തനങ്ങൾ.
- ഒറ്റക്കും കൂട്ടമായും ഉള്ള പ്രവർത്തനങ്ങളിലൂടെ വിവിധ സാമൂഹിക ജീവിത നൈപുണികളിലേക്ക് കൈപിടിച്ചുയർത്തി യഥാർത്ഥ സൗന്ദര്യം ഏതെന്ന് തിരിച്ചറിയാനുള്ള സാംസ്കാരിക മൂല്യം വളർത്താൻ വേണ്ട ഒരുക്കങ്ങൾ. സംഗീതം. പ്രകൃതി, ദൃഷ്യസ്ഥലപരം, ശാരീരിക ചലനപരം, വ്യക്ത്യാന്തരം, ആന്തരികം, വൈയക്തികം എന്നീ ബുദ്ധിഘടകങ്ങൾ പോഷിപ്പിക്കൽ.
- കുട്ടികളെ കർമ്മനിരതരും അത്യുത്സാഹികളുമാക്കുന്ന അധിക ഊർജ്ജം ശരിയായ ദിശയിലേക്ക് നയിക്കൽ
- രക്ഷാകർത്താക്കളുടെ കഴിവുകളും സാന്നിധ്യവും ഉറപ്പാക്കാനുള്ള വേദികൾ.
- 5 മുതൽ 12 വരെ ക്ലാസ്സുകളിലെ പഠിതാക്കൾക്ക് പെയിന്റിംഗ്, ക്ലേമോഡലിംഗ്, ചുമർ ചിത്ര രചന, പോസ്റ്റർ, കൊളാഷ്,

എണ്ണഛായം, അക്രിലിക് ചിത്രരചന, കാർട്ടൂൺ ഇല്ലസ്ട്രേഷൻ, സംഗീതത്തിന്റെയും ചിത്രകലയുടെയും വിവിധ മേഖലകൾ പരിചയപ്പെടുത്തൽ.

- ♦ കലകളിലെ കുട്ടികളുടെ പഠന നേട്ടങ്ങൾ മികവുകൾ എന്നിവ രക്ഷിതാക്കളുമായി പങ്കുവെക്കാനുള്ള സാഹചര്യമൊരുക്കുക.
- ♦ കൃത്രിമത്വമില്ലാതെ പ്രകടനാത്മക കലകളും ദൃശ്യകലകളുനം പഠന മാധ്യമമെന്ന നിലയിൽ ഉപയോഗിപ്പെടുത്താനുള്ള സാഹചര്യം.
- ♦ തുടർ പഠനങ്ങൾക്ക് വേണ്ട പരിശീലനങ്ങൾ, പ്രദർശിപ്പാക്കാനും സ്വതന്ത്ര രചനകൾക്കുള്ള ഗാലറികൾ.
- ♦ കുട്ടികളുടെ അനുഭവ പരിസരങ്ങളിൽ നിന്നും കല പഠിക്കാൻ വേണ്ട സാഹചര്യമൊരുക്കികൊണ്ട്, പ്രകൃതിയുടെ സമഗ്രത സ്വാംശീകരിക്കാൻ വേണ്ട കുട്ടികളിലെ സർഗ്ഗാത്മകതയെ പരമാവതി പരിഗണിച്ചുകൊണ്ട് സ്വാഭാവിക വികാസത്തിലേക്ക് നയിക്കാനുള്ള പഠന പരിശീലന കളരികൾ.
- ♦ സ്കൂളിലെ എല്ലാ ക്ലാസ്സുകളിലേയും കുട്ടികൾക്ക് കലാപഠനം സാധ്യമാവാൻ വേണ്ട പഠന മുറികൾ.

## വികസന മേഖലകളും പ്രവർത്തനങ്ങളും

**മേഖല- ഭൗതികം**

1. വെളിച്ചവും വൃത്തിയുമുള്ള ക്ലാസ്സ് മുറികൾ 2. ഓരോ കുട്ടിക്കും പ്രത്യേകം ഇരുന്ന് വരക്കാനും നിറം നൽകാനും സൗകര്യമുള്ള ഇരിപ്പിടങ്ങൾ, മേശകൾ.
3. ജലച്ഛായം ഉപയോഗിക്കുന്ന സമയത്ത് വെള്ളമെടുക്കാനും ബ്രഷ് മുതലായവ കഴുകുവാനും ഉള്ള വാഷ് ബേസിനുകൾ.
4. വിവിധ മാധ്യമങ്ങൾ ശേഖരിക്കാനും പരിചയപ്പെടുത്താനും വേണ്ട ഷെൽഫുകൾ/കപ്പ് ബോഡുകൾ/അലമാരകൾ
5. പരിശീലനത്തിന് വേണ്ടി ഓരോ സ്റ്റാന്റേർഡിനെങ്കിലും പ്രൊജക്ടർ ഉപയോഗിച്ച് പഠനം സാധ്യമാക്കാൻ വേണ്ട സംവിധാനങ്ങൾ സ്ഥിരം സംവിധാനം വേണ്ടതുണ്ട്.
6. ചിത്രങ്ങളും ചരിത്രവുമടങ്ങിയ ഡിജിറ്റൽ ലൈബ്രറി.
7. ഡെമോൺസ്ട്രേഷൻ ബോർഡുകൾ ക്യാൻവാസ് ഈസലുകൾ.
8. ഡ്രോയിംഗ് ബോർഡുകൾ
9. ഡ്രോയിംഗ് മെറ്റീരിയലുകൾ സൂക്ഷിക്കാൻ വേണ്ട സംവിധാനങ്ങൾ.
10. ഒരു വിശാലമായ ആർട്ട് ഗാലറി.

**ഉപമേഖല - ക്ലാസുമുറികളുടെ ആകർഷകത്വം**

1. ചിത്രങ്ങൾകൊണ്ട് അലങ്കരിച്ച ക്ലാസുമുറികൾ .
2. ചിത്രവായനക്ക് സ്കൂളിലെ എല്ലാ കുട്ടികൾക്കും സാധ്യമാവുന്ന ഇടങ്ങൾ
3. പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദവും ഉപകാരപ്രദവുമായ വസ്തുക്കൾ നിർമ്മിക്കാനുള്ള ഇടം.
4. ഉപയോഗിച്ച് ഒഴിവാക്കുന്ന പേനകൾ ഒരിടത്ത് സൂക്ഷിക്കുകയും അവകൊണ്ട് ശില്പ മാതൃകകൾ ഉണ്ടാക്കുവാനുള്ള സൗകര്യങ്ങൾ.

**മേഖല - അക്കാദമികം**

- ♦ കുട്ടികളുടെ രചനകൾ ബൈന്റ് ചെയ്ത് എല്ലാ കുട്ടികൾക്കും ചിത്രങ്ങൾ വായിക്കാനുള്ള സൗകര്യം. .
- ♦ പ്രശസ്തരായ ചിത്രകാരന്മാരുടെ പ്രിന്റുകൾ സംഘടിപ്പിച്ച് ചിത്രവായനക്കുള്ള അവസരം
- ♦ ചിത്രകലയെക്കുറിച്ച് ധാരാളം പുസ്തകങ്ങൾ ലഭ്യമാണ്. അത് സംഘടിപ്പിച്ച് കുട്ടികൾക്ക് ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ.
- ♦ ചിത്രകലയുമായി ബന്ധപ്പെട്ട സി.ഡി., ഡി.വി.ഡി ശേഖരം.
- ♦ ഡെമോൺസ്ട്രേഷൻ സി.ഡികൾ (എല്ലാ കലകളുടെയും).
- ♦ ഒഴിവ് സമയങ്ങളിൽ മൂസിക് കേൾക്കാനുള്ള അവസരങ്ങൾ.
- ♦ കലാ ചരിത്രവുമായി ബന്ധപ്പെട്ട സി.ഡികൾ കുട്ടികൾക്ക് വീട്ടിൽപോയി ദർശിക്കാനുള്ള പഠിക്കാനുള്ള സാഹചര്യം..
- ♦ പഠനത്തിന് വിധേയമാക്കി ചിത്രങ്ങൾ വായിച്ച് അറിവുകൾ പങ്കുവെക്കാൻ അവസരം.
- ♦ പഠനം കഴിഞ്ഞ് പോയവരുടെ ചിത്രങ്ങൾ സൂക്ഷിക്കാൻ സൗകര്യം.
- ♦ ചിത്ര ലൈബ്രറി
- ♦ ചിത്ര മൂലകൾ ചിത്രസംവാദങ്ങൾ

**ഉപമേഖല - മേളകളിൽ മികവ്**

- സ്കൂൾതല മേളകൾ - ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ഐ.റ്റി പ്രവർത്തി പരിചയം. കേരള സ്കൂൾ കലോത്സവം.
- സ്കൂൾ തലത്തിൽ എല്ലാ കുട്ടികൾക്ക് എല്ലാ ഇന്റിവിജ്വൽ ഐറ്റങ്ങളിലും എച്ച്.എസ്, യു.പി വിഭാഗങ്ങളിൽ പങ്കെടുക്കാൻ അവസരം നൽകി.
- ഉപജില്ല, ജില്ല, സംസ്ഥാന തല മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി. എല്ലാ തലങ്ങളിലും എ ഗ്രേഡ് ലഭ്യമാക്കി.

- മാപ്പിള കലകളിൽ, കോൽക്കളി, വട്ടപ്പാട്ട്, ദഫ്, ഒപ്പന മാർഗ്ഗം കളി, തിരുവാതിരക്കളി, സംഘനൃത്തം, വഞ്ചിപ്പാട്ട്, നാടൻപാട്ട്, നാടകം, വൃന്ദവാദ്യം, സംഘഗാനം ദേശഭക്തിഗാനം എന്നിവയിൽ പ്രത്യേകം പരിശീലനം നൽകി.
- ഉപജില്ലാ കലോത്സവത്തിലും ശാസ്ത്ര സാമൂഹ്യഗണിത മേലകളിലും പ്രവൃത്തി പരിചയ തത്സമയ മത്സരങ്ങളിലും ഓവറാൾ ചാമ്പ്യൻഷിപ്പ് നേടി..
- കഴിഞ്ഞ കുറെ വർഷങ്ങളായി സബ്ജില്ലാ കലോത്സവങ്ങളിലും പ്രവൃത്തി പരിചയ മേളയിലും ഓവറോൾ ചാമ്പ്യൻഷിപ്പ് ലഭിക്കുന്ന ഹൈസ്കൂളാണ് നമ്മുടേത്.
- മനോഹരമായ കൈയെഴുത്ത് മാസികകൾ ഉണ്ടാക്കാൻ കുട്ടികളെ പ്രാപ്തരാക്കി.
- വാട്ടർ കളർ, ഫാബ്രിക് കളർ, വെജ്റ്റബിൾ പ്രിന്റിംഗ് വിത്ത് ഫാബ്രിക് കളർ, ക്ലേ മോഡലിംഗ്, ആധുനിക ചുവർ ചിത്ര രചന എന്നിവകളിൽ പ്രത്യേകം പരിശീലനങ്ങൾ നൽകി.
- കാർട്ടൂൺ പഠനത്തിൽ പ്രത്യേകം പരിശീലനം.
- സ്ബ്ജില്ലാ മത്സരങ്ങളിൽ കാർട്ടൂണിന് ഒന്നാം സ്ഥാനവും എ ഗ്രേഡും എച്ച്.എസ്, എച്ച്.എസ്.എസ് തലങ്ങളിൽ നേടി. കാർട്ടൂണിൽ - കഴിഞ്ഞ വർഷം സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.
- അവധിക്കാലത്ത് കൊളാഷ്, ചുമർചിത്ര പരിശീലനക്കളരികൾ, നാടക ക്യാമ്പ് എന്നിവ നടത്തി.
- ഉപജില്ലാ സാമൂഹ്യ ശാസ്ത്രമേളകളിൽ സ്റ്റിൽ മോഡൽ നിർമ്മാണത്തിന് നേതൃത്വം നൽകി.
- ഗണിത മേളകളിൽ ചാർട്ട് / പാറ്റേൺ ഡിസൈൻ ചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങളും പരിശീലനങ്ങളും കുട്ടികൾക്ക് നൽകി.
- നാടകത്തിലേക്ക് വേണ്ട പ്രോപർട്ടീസ് ഉണ്ടാക്കുവാൻ കുട്ടികൾക്ക് പരിശീലനം നൽകി.
- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ്
- ഈ വർഷം മേളകളിൽ മികവ് നേടിയ കുട്ടികളെ ക്രാഫ്റ്റ് വില്ലേജിലേക്ക് പഠനയാത്ര നൽകി മാനസികോല്ലാസം നേടി.

**മേഖല - സാമൂഹികം**

1. നിരന്തര മൂല്യം നിർണ്ണയം.
2. ചിത്രം, സംഗീതം, അഭിനയം, നൃത്തം എന്നിവക്കുള്ള അവസരം ക്ലാസ്സ് മുറികളിൽ നൽകുന്നു.
3. 2 മാസം കൂടുമ്പോൾ പി.ടി.എ വേണ്ടതാണ്.
4. കുട്ടികളുടെ കലാപ്രവർത്തി പരിചയ സ്വഭാവ മേഖലകളിൽ സമഗ്രമായ വികസനത്തിന് പി.ടി.എകളിൽ ഊന്നൽ.
5. ഓരോ രക്ഷിതാവിനും തന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയാൻ പി.ടി.എ യിൽ അവസരം നൽകണം.
6. രക്ഷിതാക്കൾ ഇടക്കിടക്ക് വിദ്യാലയങ്ങൾ സന്ദർശിക്കട്ടെ.
7. വിദഗ്ദരെ ഉൾപ്പെടുത്തി വിവിധ കലഖിൽ പരിശീലനം ഉറപ്പാക്കൽ.
8. സി.ഇ, കലാ പ്രവൃത്തിപരിചയ പരീക്ഷകളുടെ ആവശ്യകതയെ കുറിച്ചുള്ള ബോധവൽക്കരണം.
9. ആൺകുട്ടികൾ പെൺകുട്ടികളേക്കാൾ വിമുഖത പഠന പ്രവർത്തനങ്ങളിലും സംഘ പ്രവർത്തനങ്ങളിലും കാണിക്കുന്നു. ഇതിന് പി.ടി.എ കളിൽ പരിഹാര ചർച്ച.
10. കുട്ടികളുടെ പ്രത്യേകിച്ചും 8, 9 ക്ലാസ്സുകളിലെ ആൺകുട്ടികളുടെ അലസത പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ.
11. ക്ലാസ് അധ്യാപകർ ആദ്യമാസങ്ങളിൽ തന്നെ കുട്ടികളെ അച്ചടക്ക ശീലം വളർത്തേണ്ടതുണ്ട്.
12. ക്ലാസ് റൂം വൃത്തിയാക്കാനുള്ള സംവിധാനങ്ങൾ
13. റിയാക്റ്റ് ചെയ്യാത്ത കുട്ടികൾക്ക് പ്രത്യേകം പരിശീലനങ്ങൾ
14. പൂർവ്വ വിദ്യാർത്ഥികളുമായി കുട്ടികളുടെ സംവാദം സംഘടിപ്പിക്കുക, ഡെമോൺസ്ട്രേഷന് സൗകര്യം നൽകൽ.

**ഉപമേഖല - റേഡിയോ സംഗീത പരിപാടികൾ വാട്സ് ആപ് കൂട്ടായ്മ**

- ലക്ഷ്യം - കുട്ടികളുടെ പ്രവർത്തനങ്ങളും മികവുകളും രക്ഷിതാക്കളിലെത്തിക്കൽ.
- ഇടവേളകളിൽ മുൻകൂട്ടി തയ്യാറാക്കിയ റേഡിയോ പരിപാടികൾ.
- വിദ്യാർത്ഥികൾ തയ്യാറാക്കിയ അധ്യാപകരുടെ സഹായമില്ലാത്ത പ്രവർത്തന പരിപാടികൾ.
- കുട്ടികൾ അധ്യാപകരെ ഇന്റർവ്യൂ ചെയ്യുന്നു.
- വ്യത്യസ്ത വിഷയങ്ങളിൽ അധ്യാപകർ അനുഭവം പങ്കിടുന്നു.

# അക്കാദമിക പ്ലാൻ - പ്രവർത്തി പരിചയം

| Sl No | കാര്യപരിപാടി | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | പ്രവർത്തി പരിചയം പരിചയപ്പെടുത്തൽ | 1. സ്റ്റിച്ചുകളും, തയ്യലും ചെയ്യിപ്പിക്കുക<br>2. വിവിധ തരം വസ്ത്ര നിർമ്മാണം<br>3. അളവുകൾ പറഞ്ഞ് കൊടുക്കൽ<br>4. അളവുകളും വസ്ത്ര നിർമ്മാണ രൂപവും എഴുതിയ നോട്ട് നൽകൽ<br>5. വിവിധ തരം പാഴ്‌വസ്തുക്കൾ കൊണ്ടുള്ള ഉൽപന്നങ്ങൾ പരിചയപ്പെടുത്തൽ<br>6. വിവിധ മെറ്റീരിയൽ കൊണ്ടുള്ള വസ്തുക്കൾ ഉണ്ടാക്കൽ<br>7. സിലബസിലെ പഠന പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ<br>8. ചന്ദനത്തിരി, പ്ലാസ്റ്റർ ഓഫ് പാരീസ് നിർമ്മാണം<br>9. ഭക്ഷണ പദാർത്ഥങ്ങൾ പരിചയപ്പെടുത്തൽ നോട്ട് നൽകൽ | 7 മാസം | തയ്യൽ മെഷീൻ | PTA<br><br>അദ്ധ്യാപക പിന്തുണ |
| 2. | പരിഗണന നൽകൽ | 1. കുട്ടികളെ തെരഞ്ഞെടുത്ത് സ്വയം തൊഴിലിന് പ്രാപ്തരാക്കൽ<br>2. താൽപര്യമുള്ള കുട്ടികൾക്ക് ഓരോ മേഖലയിലും പ്രോത്സാഹനം നൽകുക | 3 മാസം | | PTA<br><br>അദ്ധ്യാപക പിന്തുണ |

**മേഖല അക്കാദമികം**

- ♦ പ്രവൃത്തി പഠനത്തിനാവശ്യമായ പ്രത്യേക ക്ലാസ് മുറികൾ.
- ♦ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം ഒരുക്കൽ.
- ♦ ഐ.സി.ടി സാധ്യത ഉപയോഗിക്കാനുള്ള അവസരം ഒരുക്കൽ.
- ♦ അവധികാല പരിശീലനത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കൽ
- ♦ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് നൽകാനുള്ള സൗകര്യം
- ♦ പ്രവൃത്തി പഠന ലാബ്
- ♦ പ്രവൃത്തി പഠനത്തിലെ എല്ലാ ഇനങ്ങളിലും പ്രത്യേക പരിശീലനത്തിനുള്ള അവസരം.

**നേട്ടങ്ങൾ**

- ♦ എട്ടു വർഷം തുടർച്ചയായി സബ്ജില്ലാ പ്രവൃത്തി പരിചയമേളയിൽ പാദർശനത്തിനും തത്സമയ നിർമ്മാണ മത്സരത്തിലും ഓവറോൾ കിരീടം നേടി.
- ♦ പരാമവധി ഇനങ്ങളിൽ ജില്ലാതലത്തിൽ മത്സരിക്കാനുള്ള അവസരം ലഭ്യമാക്കി.
- ♦ കഴിഞ്ഞ അഞ്ചുവർഷങ്ങളായി ഏതെങ്കിലും രണ്ടിനങ്ങളിൽ സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ സാധിച്ചിട്ടുണ്ട്.
- ♦ 2022-23 വർഷത്തിൽ കുട്ടികൾക്ക് പപ്പടി, സോപ്പ് ജാം, അച്ചാർ, ഫയൽ മേക്കിംഗ് എന്നിവയിൽ പ്രത്യേക പരിശീലനം നടത്തി.
- ♦ സോപ്പ് നിർമ്മാണം, ഫിനോയിൽ, റൈറ്റിംഗ് ബോർഡ്, ചിത്രത്തുന്നൽ, പപ്പടി എന്നിവയിൽ 4 ദിവസം നീണ്ടുനിന്ന അവധി കാല പരിശീലനം നടത്തി.
- ♦ അവധികാല പരിശീലനത്തിൽ നിർമ്മിച്ച വസ്തുക്കൾ കുട്ടികൾ തന്നെ വിപണനം നടത്തികൊണ്ട് ക്യാമ്പിനാവശ്യമായ ഫണ്ട് കണ്ടെത്തി.

**തുടർ വർഷങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പഠന പ്രവർത്തനങ്ങൾ**

- ബാഗ്, വൗച്ച് നിർമ്മാണം
- ചന്ദനത്തിരി നിർമ്മാണം
- ഫാബ്രിക് പെയിന്റിംഗ്
- തയ്യൽ പരിശീലനം
- കുട നിർമ്മാണം
- പാവ നിർമ്മാണം
- വെജിറ്റബിൾ പ്രിന്റിംഗ്
- പാചക മത്സരം
- വോളിബോൾ/ബാഡ്മിന്റൻ നെറ്റ് നിർമ്മാണം
- അമ്മമാർക്കുള്ള പരിശീലനവും മത്സരങ്ങളും
- അധ്യാപകർക്കുള്ള പാചക മത്സരം
- അധ്യാപകർക്ക് പ്രവൃത്തി പഠന ഇനങ്ങളിൽ പരിശീലനക്കളരി.

## അക്കാദമിക പ്ലാൻ യുപി വിഭാഗം - മലയാളം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനു-മുള്ള ശേഷി വികസിപ്പിക്കുന്ന-തിന്. | ഭാഷാ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | 500 |
| | | മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ആദ്യ വാരം | ക്ലാസ് ടീച്ചർ | |
| | | പരിമിതികൾ മറികടക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ രൂപീകരിക്കൽ | സെപ്തംബർ ആദ്യ വാരം | എസ്.ആർ.ജി | |
| | | മലയാളം അസംബ്ലി | ആഴ്ചയിൽ 2 ദിവസം | എസ്.ആർ.ജി | |
| | | ഡയറി എഴുതൽ | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |
| | | വാർത്താവായന | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |
| | | ക്ലാസ് ലൈബ്രറി വായന സാമഗ്രികൾ | ജൂലൈ മുതൽ | ക്ലാസ് ടീച്ചർ | 1000-ഒരു ക്ലാസിന് |
| | | പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് രചനാ കാർഡുകൾ | ആഗസ്റ്റ് | മലയാളം അധ്യാപകർ | 500 |
| | സാഹിത്യാഭിരുചി വളർത്തിയെടുക്കുന്നതിന്. | കഥാ, കവിത രചനാ ക്യാമ്പുകൾ | സെപ്തംബർ | മലയാളം അധ്യാപകർ, പി.ടി.എ, എസ്.ആർ.ജി | 2000 |
| | | സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | ഒക്ടോബർ | എസ്.ആർ.ജി | 1000 |
| | | ഫീൽഡ് ട്രിപ്പ് | ഒക്ടോബർ | മലയാളം അധ്യാപകർ | 1 കുട്ടിക്ക് 500 |
| | | ഭാഷാമുറി | നവംബർ | എസ്.ആർ.ജി പി.ടി.എ | 5000 |
| | | പതിപ്പുകൾ, മാഗസിൻ നിർമ്മാണം | നവംബർ 20 - മാർച്ച് | മലയാളം അധ്യാകർ | 500 |

## അക്കാദമിക പ്ലാൻ യുപി വിഭാഗം – അറബിക്

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | അറബിക് മധുരം<br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പരിപാടി. | എഴുത്ത് വായന<br>- ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>- ഭാഷാ ശേഷികളുടെ വളർച്ച കുട്ടികളിൽ എത്രത്തോലമുണ്ട് എന്ന് പരിശോധിക്കുന്നു.<br>- അക്ഷരങ്ങൾ ഉറപ്പിക്കൽ (കളികളിലൂടെ<br>- വാചകങ്ങൾ നിർമ്മിക്കൽ<br>- ഭാഷകൾ | 2 മാസം | അധ്യാപകർ | ഒരു കുട്ടി 20 രൂപ |
| | **വായനാവസന്തം**<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ<br><br>നല്ലവായനക്കാരനാക്കുക. | - ക്ലാസുകളിൽ അറബിക് ലൈബ്രറി.<br>- ഓരോ അറബിക് പിരീയഡിലും ആദ്യ അഞ്ച് മിനുട്ട് കുട്ടി പുസ്തകത്തിൽ ഒരു പേജ് വായിക്കുക.<br>- വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തി വെക്കുക.<br>- വായനാ മത്സരങ്ങൾ നടത്തുക.<br>- അറബിക് പത്രവായന. | 3 മാസം | അധ്യാപകർ<br>രക്ഷിതാക്കൾ<br>ബി.ആർ.സി | കുട്ടികൾ ഓരോ പുസ്തകം സംഭാവന ചെയ്യുക.<br><br>ഒരു കുട്ടി 50 രൂപ. |
| | **എഴുത്ത് ഉത്സവം**<br>എഴുത്തിലൂടെ ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | - എഴുത്ത് കൂട്ടം.<br>- പതിപ്പുകളുടെ നിർമ്മാണം.<br>- വായനാകുറിപ്പ് ശേഖരണം.<br>- ഇൻലന്റ് മാഗസിൻ.<br>- ചുമർ പത്രങ്ങൾ.<br>- പോസ്റ്ററുകൾ.<br>- വിവർത്തനം. | 3 മാസം | അധ്യാപകർ<br><br>ക്ലബ്ബ് കൺവീനർ<br><br>ഓരോ ക്ലാസിലെ കൺവീനർ | ഒരു കുട്ടി 200 |
| | **ആസ്വാദനലോകം.**<br>കലകളിൽ താൽപര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നൽകുക. | - പാടാനും പറയാനും കഴിയുന്ന പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും കേൾപ്പിക്കുവാനുമുള്ള അവസരമുണ്ടാക്കുക.<br>- ഇതിന് ഓരോ ക്ലാസിനും ആസ്വാദനസഭ രൂപീകരിക്കുക.<br>- ആസ്വാദന സഭക്ക് കീഴിൽ ഡൗൺലോഡ് ചെയ്തെടുത്ത് അറബിക് കഥകളും പാട്ടുകളും പ്രൊജക്ടറിലൂടെ കാണിക്കുക.<br>- ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ, ആനിമേഷൻ വീഡിയോകൾ | 2 മാസം | അധ്യാപകർ<br>രക്ഷിതാക്കൾ<br>ബി.ആർ.സി | ഓരോ കുട്ടിയും 200 രൂപ |

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | **അറബിക് ഫെസ്റ്റ്** അറബിക് കാര്യപരിപാടി സംഘടിപ്പിക്കുന്നതിനുള്ള അറിവ് നൽകൽ. | അറബിക് ദിനത്തോടനുബന്ധിച്ച് നടത്താവുന്ന ഒരു ഫെസ്റ്റ്<br>- ഉദ്ഘാടനം<br>- കാര്യപരിപാടി<br>- ആദരിക്കൽ (ഇതുവരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>- മികച്ച അറബിക് കലയുടെ അവതരണം<br>- ഒരു അറബിക് സാഹിത്യകാരനെ ആദരിക്കുക. | | | |
| | **മത്സരമേള** അറബിക് കലോത്സവത്തിനുള്ള കുട്ടികളെ കണ്ടെത്തി ചിട്ടയായ പരിശീലനം നൽകൽ. | മുഴുവൻ വിദ്യാർത്ഥികളുടെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിപ്പിക്കൽ. ഇതിന് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കൽ<br>ഉദാ: ക്വിസ്, പദപ്പയറ്റ്, പദനിർമ്മാണം, പദകേളി, ഗദ്യവായന, തർജ്ജമ, ഗാനമത്സരങ്ങൾ | | അധ്യാപകർ | |

# അക്കാദമിക പ്ലാൻ യുപി വിഭാഗം – ഇംഗ്ലീഷ്

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | ഓരോ കുട്ടി യിലും ഇംഗ്ലീഷ് ഭാഷയെക്കു റിച്ചുള്ള വ്യക്ത മായ അവ ബോധം സൃഷ്ടി ക്കുന്നതിന് | Different Language games | ജൂൺ ആദ്യ വാരം | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| | Listening, Speaking, Reading, Writing എന്നീ മേഖലകൾ കുട്ടി യിൽ ഉറപ്പാ ക്കുന്നതിന് | വ്യത്യസ്ഥങ്ങളായ വീഡിയോ പ്രദർശനങ്ങൾ എൽ.സി.ഡി സഹാ യത്തോടെ | ജൂൺ രണ്ടാം വാരം | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| | യാതൊരു മടിയും കൂടാതെ ഇംഗ്ലീഷ് ഭാഷ അനാ യാസം എഴു താനും വായി ക്കാനും സംസാരി ക്കാനും ഉള്ള കഴിവ് നേടുന്ന തിന് | മുൻ വർഷത്തെ പാഠഭാഗങ്ങളെ ആസ്പദമാക്കി പ്രീ-ടെസ്റ്റ് നടത്തി കുട്ടികളിലെ ഇംഗ്ലീഷ് പരിജ്ഞാനം കണ്ടെത്തുന്നു. | ജൂൺ മൂന്നാം വാരം | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| | | ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം, ക്ലബ്ബ്തല പ്രവർത്തനങ്ങളുടെ ചർച്ച | ജൂൺ നാലാം വാരം | ക്ലാസ് ടീച്ചേഴ്സ് ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| | | മുഴുവൻ ക്ലാസ്സുകളിലും ഇംഗ്ലീഷ് ലൈബ്രറി കോർണർ ഉണ്ടാക്കുന്നു. | ജൂലൈ | ഗ്രൂപ്പ് ലീഡർ ക്ലാസ് ടീച്ചേഴ്സ് | പി.ടി.എ |
| | | Class Assembly in English | ദിവസവും | ക്ലാസ് ടീച്ചേഴ്സ് | |
| | | English day at campus | ആഴ്ചയിൽ ഒരു ദിവസം ഉച്ച വരെ | എസ്.ആർ.ജി | |
| | | Day Celebrating | | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | Conductiep CCA perios in each class | ആഴ്ചയിൽ ഒരു ദിവസം ഒരു പിരീയഡ് | ഇംഗ്ലീഷ് ടീച്ചേഴ്സ് | |

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | ഏ | പാഠഭാഗവുമായി ബന്ധപ്പെടുത്തി Public Speaking | സെപ്തംബർ | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | എഴുത്തിൽ പ്രാവീണ്യം തെളിയിക്കുന്നതിന് വേണ്ടി വിവിധങ്ങളായ TLM പ്രവർത്തനങ്ങൾ (Word card, Letter card, Sentence card etc | മൂന്ന് term ലും ആദ്യ രണ്ടാഴ്ച | തിരഞ്ഞെടുത്ത കുട്ടികൾ ടീച്ചേഴ്സ് | പി.ടി.എ |
| | | Magazine making, work sheet Preparation | ഒക്ടോബർ | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | Post office at School (English letters only) | ആഴ്ച്ചയിൽ 1 ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | Work shop, Motication class, Expert Class etc.. | മൂന്ന് term ലും | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| | | Field trip, Language lab | ജനുവരി | എസ്.ആർ.ജി | പി.ടി.എ |
| | | English Fest (Choreography, speech, one act play role-play etc | ഫെബ്രുവരി, മാർച്ച് | ഇംഗ്ലീഷ് ടീച്ചേഴ്സ് | പി.ടി.എ |

## അക്കാദമിക പ്ലാൻ യുപി വിഭാഗം - ഹിന്ദി

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | ഹിന്ദി വായന | യു.പി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം. | | | |
| | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ. | - കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കി ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും<br>- വലിയ അക്ഷരങ്ങളോടു കൂടിയും വർണ്ണ ചിത്രങ്ങൾ നിറഞ്ഞതുമായ ലളിതവുമായ ഹിന്ദി കഥാബുക്കുകൾ ചിത്രകഥകൾ, ബാല മാസികകൾ എന്നിവ മുഖ്യമായും ഹിന്ദി സാഹിത്യ രൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായുള്ള പുസ്തകങ്ങളും ലഭ്യമാക്കും. | | | |
| | വായനാകാർഡുകൾ തയ്യാറാക്കൽ | - ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാകാർഡുകൾ തയ്യാറാക്കും.<br>- ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും.<br>- ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായനക്കായി തയ്യാറാക്കും.<br>- ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ, ആഴ്ച്ചകൾ എന്നിവയും സ്ഥിരമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കും.<br>- ബാലഗീതങ്ങൾ, കവിതാ ശകലങ്ങൾ, ലഘു പ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടുകൂടി ക്ലാസ് ആരംഭിക്കും. | | | |
| | ഹിന്ദി എഴുത്ത് കോപ്പി ബുക്ക്. | - അധിക വായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും.<br>- ബാലഗീതങ്ങൾ കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപ്പി ബുക്ക് ഉപയോഗിക്കും.<br>- പ്രദർശന സാമഗ്രികൾ ഓരോ ക്ലാസിലും പ്രദർശിപ്പിക്കുന്നതിനായി ചുമർചിത്രം തയ്യാറാക്കും | | | |

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | | - A4 പേപ്പറിൽ തയ്യാറാക്കുന്ന ഇത്തരം രചനകൾ കൂട്ടിചേർത്ത് ക്ലാസ് മാസികകൾ തയ്യാറാക്കും.<br>- രേശ്നി വർക്ക് ബുക്ക് ഡയറ്റ് എറണാകുളം തയ്യാറാക്കിയിട്ടുള്ള രോഷ്നിവർക്ക് ബുക്ക് ഉപയോഗ പ്പെടുത്തി വിദ്യാർത്ഥികൾ ഭാഷാ നിപുണികകളും ഭാഷാ വ്യവ ഹാര രൂപങ്ങളും അധ്യാപകന്റെ മേൽനോട്ടത്തിൽ പരിശീലിക്കും. | | | |
| | ഹിന്ദി ആസ്വാ ദനം | - വിദ്യാർത്ഥികൾക്ക് അവതരണ രംഗത്ത് ശോഭിക്കുന്നതിനായി അവസരം ഒരുക്കും<br>- അവതരിപ്പിക്കുന്നതിനായി വിദ്യാല യത്തിലെ മുഴുവൻ വിദ്യാർത്ഥി കളും അധ്യാപകരും സന്നിഹിതരാ യിരിക്കുന്ന വേദിയൊരുക്കും.<br>- മുഴുവൻ വിദ്യാർത്ഥികൾക്കും അവ സരം ലഭിക്കും.<br>- അവതരണ പരിപാടികൾ നടത്തും | | | |
| | ഹിന്ദി അസംബ്ലി | - ആഴ്ച്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും<br>- ഓരോ ആഴ്ച്ചയിലേയും ഹിന്ദി അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും.<br>- പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ പാരായണം, ജന്മദിനാശംസകൾ, തുടങ്ങിയവ എല്ലാം ഹിന്ദി മാധ്യ മത്തിലായിരിക്കും.<br>- അവതരണത്തിനുള്ള അവസരം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കും. | | | |
| | ഹിന്ദി മത്സരങ്ങൾ | - ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കു ന്നതിനായി മത്സരങ്ങൾ നടത്തും.<br>- മികവ് പുലർത്തുന്നവർക്ക് സമ്മാ നങ്ങൾ നടത്തും.<br>- കഥാപൂരണം, കവിതാ രചന, പ്രസം ഗം, കവിതാപാരായണം കവിതാ രചന തുടങ്ങിയ മത്സരങ്ങൾ നടത്തും.<br>- ചമക്തിഹിന്ദി പ്രോത്സാഹന സമ്മാനം ഓരോ ക്ലാസിലേയും നിലവാരത്തിന് അനുസരിച്ച് നിശ്ച യിക്കപ്പെട്ട കഴിവുകൾ ആർജ്ജി ക്കുന്ന വിദ്യാർത്ഥികൾക്ക് ചവക്തീ ഹിന്ദി എന്ന പേരിൽ പ്രോത്സാ ഹന സമ്മാനം നൽകും | | | |

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | ദിനാചരണങ്ങൾ | - ഹിന്ദിദിനം. പരിസ്ഥിതി ദിനം, ശിശുദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദിഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും.<br>- വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പുവരുത്തും. | | | |
| | ഹിന്ദി ക്ലബ്ബ് | - വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മമായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും.<br>- ക്ലാസ് തലത്തിലും വിദ്യാലയതലത്തിലും പ്രസിഡണ്ട്, സെക്രട്ടറി, മൂന്ന് കമ്മറ്റി അംഗങ്ങൾ എന്നിങ്ങനെ അഞ്ച് ചുമതലക്കാർ ഉണ്ടാകും. | | | |
| | വിവരസാങ്കേതിക വിദ്യ | - ഹിന്ദി പഠനത്തിന് സഹായകകരമായി ലഭിക്കുന്ന വിവിധ ദൃശ്യ ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ വിനിയോഗിക്കും<br>- ഹിന്ദി ടൈപിംഗിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നൽകും. | | | |
| | ഹിന്ദിഫെസ്റ്റ് | - ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും.<br>- ഹിന്ദി ഭാഷയിലോ അധ്യാപനത്തിലോ സാഹിത്യത്തിലോ പ്രസിദ്ധരായവരെക്കൊണ്ട് ഉദ്ഘാടനം നടത്തും.<br>- കൂടുതൽ പേർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി ഗ്രൂപ്പ് ഫെസ്റ്റുകൾക്ക് പ്രാധാന്യം നൽകും. | | | |

## അക്കാദമിക പ്ലാൻ യുപി വിഭാഗം - സാമൂഹ്യശാസ്ത്രം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | നിത്യജീവിതത്തിലെ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി ജനാധിപത്യം പ്രാവർത്തികമാക്കുന്നത് എങ്ങനെയെന്ന് തിരിച്ചറിയൽ | - സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്.<br>- ബാലസഭ<br>- നിയമസഭ സമ്മേളനം (വീഡിയോ)<br>- ജനപ്രതിനിധികളുമായി അഭിമുഖം<br>- ഫീൽഡ്ട്രിപ്പ് (ഗ്രാമസഭ) | 3 മാസം | പി.ടി.എ<br>ജനപ്രതിനിധികൾ<br>മാധ്യമങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>ക്ലബ്ബംഗങ്ങൾ |
| | ഭൂമിയുടെ വൈവിദ്യവും വിഭവസമ്പത്തും നിലനിർത്താൻ (പ്രകൃതി സംരക്ഷണം) | - വൃക്ഷത്തൈകൾവെച്ച് പിടിപ്പിക്കൽ<br>- പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഡോക്കുമെന്ററികൾ.<br>- വൃക്ഷത്തൈ നഴ്സറി<br>- കാനനയാത്ര<br>- മഴക്കുഴി നിർമ്മാണം.<br>- ബോധവൽക്കരണ ക്ലാസ് (പരിസ്ഥിതി പ്രവർത്തനങ്ങൾ)<br>- കിണർ റീച്ചാർജിംഗ്<br>- പരിസ്ഥിതി രൂപീകരണം/മാലിന്യ നിർമ്മാർജനം. | 4 മാസം | ബി.ആർ.സി<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>ജനപ്രതിനിധികൾ<br>എസ്.എസ്.ജി | പരിസ്ഥിതി പ്രവർത്തകർ<br>SSGക്ലബ്ബ് അഗങ്ങൾ<br>SS അധ്യാപകർ<br>പി.ടി.എ |
| | വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധവും സാമ്പത്തിക സുരക്ഷിതത്വവും | - കുടുംബ ബജറ്റ്<br>- സമ്പാദ്യശീലം (സഞ്ചയിക)<br>- ഉപഭോഗ സംസ്കാരം<br>- ഭക്ഷണ ക്രമ വൈവിദ്യം<br>- വായനശാല/പൊതു ശാക്തീകരണ പ്രവർത്തനങ്ങൾ<br>- ജീവകാരുണ്യ പ്രവർത്തനങ്ങൾ | 2 മാസം | വീട്ടമ്മമാർ<br>പി.ടി.എ | കുട്ടികൾ<br>SS അധ്യാപകർ<br>SSG<br>PTA |
| | ആകാശ കാഴ്ച്ചകളിലെ ശാസ്ത്രതത്വങ്ങളെ കുറിച്ചുള്ള അന്വേഷണം. | - വാന നിരീക്ഷണം.<br>- ആൽബം നിർമ്മാണം<br>- ഗ്ലോബ് നിർമ്മാണം<br>- സൗരയൂഥത്തിന്റെ മോഡൽ<br>- ഐ.സി.ടി<br>- പ്ലാനറ്റോറിയം സന്ദർശനം | 6 മാസം | ബി.ആർ.സി<br>എസ്.എസ്.ജി | കുട്ടികൾ<br>സാമൂഹ്യ ശാസ്ത്രാധ്യാപകർ |
| | ചരിത്ര രചനകളെ അവസരം ഒരുക്കുന്നതിനും ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വെളിപ്പെടുത്തൽ | .- വിദ്യാലയത്തിൽ ചരിത്ര മ്യൂസിയം<br>- പുരാവസ്തു പ്രദർശനം<br>- മ്യൂസിയ സന്ദർശനം<br>- അഭിമുഖം (വിദ്യാലയ ചരിത്രം) | 4 മാസം | പൂർവ്വവിദ്യാർത്ഥികൾ<br>PTA<br>പ്രായംചെന്നവർ<br>റിട്ടയേർഡ് ടീച്ചേഴ്സ്<br>SSG | സാമൂഹ്യ ശാസ്ത്രാധ്യാപകർ<br>എസ്.എസ് ക്ലബ്ബ് മെമ്പർമാർ |

# അക്കാദമിക പ്ലാൻ യുപി വിഭാഗം - സയൻസ്

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | വിദ്യാർത്ഥികളിൽ ശാസ്ത്ര കൗതുകം വളർത്താനും അന്വേഷണ പര്യവേക്ഷണം, ചോദ്യം ചോദിക്കൽ സിദ്ധാന്ത രൂപീകരണത്തിലേക്കും ആശയങ്ങളുടെയും നിലപാടുകളുടെയും സൃഷ്ടിയിലേക്കും നയിക്കുന്ന പ്രയോഗവും ചിന്തയും ഇവയൊക്കെ സജീവമായ ഇടപെടലിന്റെ ഭാഗമാക്കും. | മുൻ വർഷത്തെ പാഠഭാഗങ്ങളെ ആധാരമാക്കി പ്രീടെസ്റ്റ് നടത്തുകയും അതിലൂടെ വിദ്യാർത്ഥികളുടെ പരിമിതികളും നേട്ടങ്ങളും വിശകലനം ചെയ്തു കണ്ടെത്തുന്നു. | ജൂൺ ആദ്യ വാരം | സയൻസ് ടീച്ചേഴ്സ് | |
| | | പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ഒക്ടോബർ 10ന് മുമ്പ് | ക്ലാസ് ടീച്ചേഴ്സ് സയൻസ് ടീച്ചേഴ്സ് എസ്.ആർ.ജി | |
| | | ഓരോ ക്ലാസ്സിലും ശാസ്ത്ര ലൈബ്രറി തയ്യാറാക്കുന്നു. | ഒക്ടോബർ | സയൻസ് ടീച്ചേഴ്സ് | 1 കുട്ടിക്ക് 20 രൂപ |
| | | ഓരോ ക്ലാസിലും ഗ്രൂപ്പ് അടിസ്ഥാനത്തിൽ പഠനോപകരണങ്ങൾ തയ്യാറാക്കുന്നു. | ആഴ്ച്ചയിൽ 1 ദിവസം | സയൻസ് ടീച്ചേഴ്സ് | 1 കുട്ടിക്ക് 30 രൂപ |
| | | ക്ലാസ് അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി വിസ്മയ ചുമർ തയ്യാറാക്കുന്നു. | 1 ഗ്രൂപ്പിന് 1 ആഴ്ച്ച അവസരം | സയൻസ് ടീച്ചേഴ്സ് | 1 കുട്ടിക്ക് 5 രൂപ |
| | | ക്ലാസിലെ ഓരോ കുട്ടിക്കും ഓരോ ദിവസങ്ങളിലായി പുതിയ ശാസ്ത്രാനുഭവങ്ങൾ വായിക്കുവാനും പ്രദർശിപ്പിക്കുവാനും ഉള്ള അവസരം നൽകുന്നു | പ്രതിദിനം | സയൻസ് ടീച്ചേഴ്സ് | |
| | | അതാത് പാഠഭാഗവുമായി ബന്ധപ്പെട്ട ആൽബം തയ്യാറാക്കുന്നു | ഒക്ടോബർ | സയൻസ് ടീച്ചേഴ്സ് | |
| | | അതാത് പാഠഭാഗവുമായി ബന്ധപ്പെട്ട വിഡിയോ പ്രദർശനം. | ഒക്ടോബർ | സയൻസ് ടീച്ചേഴ്സ് | |
| | | ശാസ്ത്ര ഗവേഷണാത്മക പ്രബന്ധം തയ്യാറാക്കുന്നു | നവം, ഫെബ്രു | സയൻസ് ടീച്ചേഴ്സ് | |
| | | അതാത് ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് | ആഗസ്റ്റ് മാർച്ച് | ക്ലാസ്സ്, സയൻസ് ടീച്ചേഴ്സ് എസ്.ആർ.ജി | |

## അക്കാദമിക പ്ലാൻ യുപി വിഭാഗം – ഗണിതം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഗണിതശേഷികൾ നേടുന്നതിനും യുക്തിചിന്ത വികസിപ്പിക്കുന്നതിനും പ്രശ്ന പരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നതിന്. | മുൻ വർഷത്തെ പാഠഭാഗങ്ങളെ ആധാരമാക്കി പ്രീടെസ്റ്റ് നടത്തുകയും അതിലൂടെ വിദ്യാർത്ഥികളുടെ പരിമിതികളും നേട്ടങ്ങളും വിശകലനം ചെയ്ത് കണ്ടെത്തുന്നു. | ജൂൺ ആദ്യ വാരം | മാത്സ ടീച്ചേഴ്സ് | |
| | | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | | |
| | | സ്ഥാനവില നിർണ്ണയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്ഥാനവില പേക്കറ്റ് | ജൂൺ ആഗസ്റ്റ് | | |
| | | പൂരക സങ്കലന രീതി പരിചയപ്പെടുത്തുന്നു/ഗെയിം | | | |
| | | ഗുണനപട്ടിക ഹൃദ്യസ്ഥമാക്കൽ/ ചാർട്ട് ഷോ | | | |
| | | ഹരണത്തിന്റെ വിവിധ രീതികൾ പരിചയപ്പെടുത്തുന്നു. 7, 10, 100, 1000 എന്നിവയുടെ എളുപ്പത്തിലുള്ള ഗുണന ഹരണ രീതികൾ പരിചയപ്പെടുത്തുന്നു. | | | |
| | | ക്ലാസ് അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി മാത്സ് ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കുന്നു | ദിവസം 1 ഗ്രൂപ്പിന് അവസരം | ക്ലാസ് ടീച്ചേഴ്സ് | 1 കുട്ടിക്ക് 10 രൂപ |
| | | ഓരോ ക്ലാസിലും ഗണിത ലൈബ്രറി തയ്യാറാക്കുന്നു | | ക്ലാസ് ടീച്ചേഴ്സ് | 1 കുട്ടിക്ക് 10 രൂപ |
| | | പരീക്ഷണ നിരീക്ഷണങ്ങളുടെയും കുട്ടികളുടെ പ്രവർത്തനങ്ങളുടെ ഫലമായും രൂപപ്പെടുന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും ഒരിടമായി ഗണിതലാബ് നിർമ്മിക്കുന്നു. | | ക്ലാസ് ടീച്ചേഴ്സ് | 1 കുട്ടിക്ക് 50 രൂപ |
| | കൃത്യതയോടെയും സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും (മറുപുറം) | വസ്തുക്കളുടെയും ചിത്രങ്ങളുടെയും സഹായത്തോടെ കുത്തനെയും ചരിഞ്ഞുമുള്ള അവസ്ഥകൾ തിരിച്ചറിയുന്നതിന് ഐ.സി.ടി | സെപ്തംബർ | | |
| | | ബഹുഭുജജ്യാമിതീയ രൂപങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിന് ഒറിഗാമി, ടാൻഗ്രാൻ, ഗ്രൂപ്പ് ആക്ടിവിറ്റി | ആഴ്ച്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചേഴ്സ് | 1 കുട്ടിക്ക് 30 രൂപ |

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | കാര്യകാരണ സഹിതം വിശദീ കരിക്കുന്നതിനും അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും സർഗാത്മക ചിന്ത വളർത്തുന്ന തിനുമുള്ള കഴിവു കൾ ആർജിക്കൽ | ഓരോ ക്ലാസ്സിലും ഗ്രൂപ്പ് അടിസ്ഥാ നത്തിൽ പഠനോപകരണങ്ങൾ തയ്യാറാക്കുന്നു<br><br>ഗണിത വിസ്മയങ്ങൾ, കണ്ടുപിടി ത്തങ്ങൾ, പസിൽസ്, ഗെയിംസ്, കുസൃതികണക്കുകൾ ഇവ ഉൾപ്പെ ടുത്തിയുള്ള ക്ലാസ് മാഗസിൻ<br><br>കുട്ടികളിൽ ഗണിത താൽപര്യം ഊട്ടി വളർത്തുന്നതിനും ക്രിയാ ത്മക ഉണർത്തുന്നതിനും അത് നിത്യജീവിതത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനുമുള്ള ശേഷി കൾ ആർജ്ജിക്കൽ/ഗണിത ക്യാമ്പ് | ജനുവരി ലാസ്റ്റ് | മാത്സ ടീച്ചേഴ്സ്<br><br>എച്ച്.എസ് മാത്സ ടീച്ചേഴ്സ് | 1 കുട്ടിക്ക് 501 രൂപ |